**Sahyanadham**
Annual Subscription Rs. 200.00
Date of Publication: 01/08/2019

Reg. No. KL/IDK/08/19-21
RNI Reg. No KERMAL/2004/12498
Posted at Thadupuzha Stg.




Printed at St. Martha's Offset Printers, Murickassery-685 604
Editor, Printer & Publisher. Rev. Fr. James Bishop's House, Idukki - 685 602

# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

വാല്യം 16
ആഗസ്റ്റ് 2019
ലക്കം 8



## സ്വർഗ്ഗാരോപണതിരുനാൾ മംഗളങ്ങൾ


ആഗസ്റ്റ്
4
വി. ജോൺ മരിയ
വിയാനിയുടെ തിരുനാൾ


ആഗസ്റ്റ് – 29
വി. എവുപ്രാസ്യാമ്മയുടെ
തിരുനാൾ

# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

Volume : 16
Issue No. : 8
Month : August 2019





*Patron*

**Mar John Nellikunnel**
Bishop of Idukki

*Chief Editor*

**Rev. Fr. George Thakadiyel**

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Cover designed by:*

Blueline Cheruthony

*Website & e-mail*

www.idukkidiocese.org
curiaidukki@gmail.com
bpjohnnelli@gmail.com


## ഈ ലക്കത്തിൽ


ഇടുക്കി രൂപതയും പ്രളയാനന്തര സേവനങ്ങളും 05
തടവറ പ്രേഷിത ദിനം 09
ജസ്റ്റീസ് സൺഡേ 16
രൂപതക്കച്ചേരി 19
ക്രിസ്തുജ്യോതി 20
വിദ്യാഭ്യാസം 21
സാമൂഹ്യസേവനം 22
തിരുബാലസഖ്യം 28
കെ.സി.എസ്.എൽ. 29
ജിസസ് യൂത്ത് 31
ചെറുപുഷ്പ മിഷൻലീഗ് 33
കെ.സി.വൈ.എം. 35
മാതൃവേദി 36
ആത്മജ്യോതിയിലെ പരിപാടികൾ 39
അറിയിപ്പുകൾ 39
രൂപതാദ്ധ്യക്ഷന്റെ ഡയറി 40
BISHOP'S ENGAGEMENTS 42


*Jesus looks for witnesses who say to Him every day:*
*"Lord, you are my life."*

*Pope Francis, Tweet, 25-07-2019*

## ഓർമ്മിക്കാൻ

### ആഗസ്റ്റ് മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

01 : പതിനഞ്ചു നോമ്പാരംഭം, വി. അൽഫോൻസ് ലിഗോരി
02 : നിസിബിസിലെ വി. യാക്കോബ്
03 : വി. ജോൺ മരിയ വിയാനി (4 ഞായർ)
06 : നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം
08 : വി. ഡോമിനിക്
09 : മാർ അദ്ദായിയുടെ ശിഷ്യൻ മാർ മാറി
09-11 : വിവാഹ ഒരുക്ക ധ്യാനം, ആത്മജ്യോതി, അടിമാലി
10 : വി. ക്ലാര (11 ഞായർ)
13 : പ്രസ്ബിറ്ററൽ കൗൺസിൽ, കരിമ്പൻ
14 : വി. മാക്സ്മില്യൻ കോൾബേ
15 : പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം
: ഇന്ത്യൻ സ്വാതന്ത്ര്യദിനം
17 : പാസ്റ്ററൽ കൗൺസിൽ, ആത്മജ്യോതി, അടിമാലി
21 : വി. പത്താംപീയൂസ് മാർപാപ്പ
23-25 : വിവാഹ ഒരുക്ക ധ്യാനം, ആത്മജ്യോതി, അടിമാലി
23-25 : മതാദ്ധ്യാപകരുടെ Basic Training Course, തടിയംപാട്
24 : വി. ബർത്തലോമിയ ശ്ലീഹാ
28 : വി. അഗസ്റ്റിൻ
29 : വി. എവുപ്രാസ്യ
30 : വി. ശ്മോനിയും ഏഴുമക്കളും

**C. 14.** **സർക്കുലർ**

# ഇടുക്കി രൂപതയും പ്രളയാനന്തര സേവനങ്ങളും

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരെ,

ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയത്തെ നാം നേരിട്ടിട്ട് ഒരു വർഷം തികയുകയാണല്ലോ. ജില്ലയിലെ മുഴുവൻ മനുഷ്യരും പ്രളയത്തിന്റെ ദുരന്തഫലങ്ങൾ അനുഭവിക്കേണ്ടിവന്നു. പ്രത്യേകിച്ച് കാർഷിക മേഖല ആകമാനം തകർന്നുപോയി. വീടുകളും വരുമാന മാർഗ്ഗങ്ങളും നഷ്ടപ്പെട്ടുപോയവർ നിരവധിയാണ്. ഭയപ്പെടുത്തുന്ന ആ ഓർമ്മകൾ പലരുടെയും മനസ്സിലുണ്ടാകും. എങ്കിലും നമ്മുടെ വിശ്വാസമനുസരിച്ച് എല്ലാ ജിവിതാനുഭവങ്ങളെയും പ്രത്യാശയോടെ നാം സ്വീകരിക്കണം. "ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുത്തെ പദ്ധതിയനുസരിച്ച് വിളിയ്ക്കപ്പെട്ടവർക്ക് അവിടുന്ന് സകലവും നന്മയ്ക്കായി പരിണമിച്ചിരിക്കുന്നു (റോമ 8:28) എന്ന് ദൈവവചനം പഠിപ്പിക്കുന്നു. നഷ്ടങ്ങളോർത്ത് നിരാശരാകാതെ, ദുരന്തങ്ങൾ നൽകിയ പാഠങ്ങൾ ഉൾക്കൊണ്ട് ആത്മവിശ്വാസത്തോടെ നാം മുന്നേറണം.

പ്രകൃതി ദുരന്തങ്ങൾ ഉണ്ടായാൽ ആരും സുരക്ഷിതരല്ല എന്ന തിരിച്ചറിവ് ലഭിക്കുമ്പോൾ കൂടുതൽ ജാഗ്രതയോടെ ജീവിക്കുവാനും, ദൈവത്തിലാശ്രയിക്കുവാനും നാം തയ്യാറാകണം. ദുരന്തമേഖലയിൽ നിന്ന് ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിയപ്പോൾ ബാക്കിയുള്ളവർ ജാതിമതവ്യത്യാസമില്ലാതെ സഹായിക്കുവാൻ ഓടിയെത്തിയതും, ക്യാമ്പുകളിലെ പരിമിതികളുടെ നടുവിലും ഒരുമയോടെ കഴിഞ്ഞതും നാം അനുസ്മരിക്കണം. താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറിയപ്പോൾ ജീവനു ഭീഷണി നേരിട്ടവരെ രക്ഷിക്കുവാൻ ഓടിയെത്തിയ മുക്കുവ സഹോദരങ്ങളുടെ ത്യാഗോജ്ജ്വല സേവനം നാം ഏറെ കേട്ടതാണ്. ഗതാഗത സൗകര്യം



നഷ്ടപ്പെട്ടപ്പോഴും, വാർത്താവിനിമയ സംവിധാനങ്ങൾ തകരാറിലായപ്പോഴും, അതിനെ അതിജീവിക്കുവാൻ നാം നടത്തിയ ശ്രമങ്ങൾ അഭിമാനകരമാണ്. ചുരുക്കിപ്പറഞ്ഞാൽ ദൈവാശ്രയബോധത്തോടെ മുന്നേറാനും, ജാഗ്രതയോടെ ജീവിക്കുവാനും, ഉള്ളത് ഉദാരതയോടെ പങ്കുവയ്ക്കുവാനും, മനുഷ്യത്വത്തിന്റെ മനോഹരഭാവങ്ങൾ അനുഭവിക്കുവാനും, ആത്മവിശ്വാസത്തോടെ പ്രതിസന്ധികളെ തരണം ചെയ്യുവാനും ഈ ദുരന്തങ്ങളിലൂടെ നാം പഠിച്ചു.

ഇടുക്കി രൂപതയും ദുരിതാശ്വാസപുനരധിവാസപ്രവർത്തനങ്ങളിൽ വളരെ സജീവമായി പങ്കുചേർന്നത് അഭിമാനത്തോടെ സ്മരിക്കുന്നു. ജില്ലയിലെ 211 ദുരിതാശ്വാസ ക്യാമ്പുകളിൽ 105 എണ്ണം നമ്മുടെ സഭാ സ്ഥാപനങ്ങളിലായിരുന്നു. അവിടെ എത്തിയവർക്ക് എല്ലാവിധ സൗകര്യങ്ങളും ഒരുക്കിക്കൊടുക്കുന്നതിൽ നമ്മുടെ വൈദികരും ദൈവജനവും വലിയ താത്പര്യവും കാണിച്ചിരുന്നു. പായ, ഷീറ്റ്, കമ്പിളി തുടങ്ങി വിവിധ വസ്തുക്കൾ അതാതു ക്യാമ്പുകളിൽ എത്തിക്കുന്നതിന് ക്രെഡിറ്റ് യൂണിയൻ, കെ.സി.വൈ.എം., മാതൃദീപ്തി, മിഷൻ ലീഗ് തുടങ്ങിയ സംഘടനകളെല്ലാം നേതൃത്വം നൽകി. പ്രളയത്തിന്റെ തുടർച്ചയായി സാംക്രമിക രോഗങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് വിവിധ പ്രദേശങ്ങളിലായി 10 മൊബൈൽ മെഡിക്കൽ ക്യാമ്പുകൾ നടത്തിയിരുന്നു. വളരെയേറെ നഷ്ടങ്ങളുണ്ടായ 89 ഇടവകകളിൽ നിന്ന് സ്ഥിതിവിവരങ്ങൾ ശേഖരിക്കുകയും, പുനരധിവാസപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ഇടവകതല കമ്മറ്റികൾ രൂപീകരിക്കുകയും ചെയ്തിരുന്നു. രൂപതയിലെ പള്ളികളിൽ നിന്നും 48 ലക്ഷം രൂപ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ലഭിച്ചു. ഇതുൾപ്പെടെ 9 കോടിയിലധികം രൂപ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സമാഹരിക്കുവാൻ കഴിഞ്ഞിരുന്നു.

രൂപതാതല പ്രവർത്തനങ്ങൾ നിർവ്വഹിച്ചു വരുന്നത് നമ്മുടെ സാമൂഹ്യ ക്ഷേമ വിഭാഗമായ ഹൈറേഞ്ച്ഡെവലെപ്മെന്റ് സൊസൈറ്റി വഴിയാണ്. വിവിധ പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നല്കുന്നതിന് സാന്ത്വന സ്പർശം, ലീഗൽ എയിഡ് സെൽ എന്നിങ്ങനെ രണ്ടു സമിതികൾ പ്രവർത്തിച്ചു വരുന്നു. 12000 ൽ പരം

കുടുംബങ്ങളിൽ ഗുണമേന്മയുള്ളതും, അവശ്യവസ്തുക്കൾ ഉൾക്കൊള്ളുന്നതുമായ കിറ്റുകൾ നൽകിയിരുന്നു.

പ്രളയത്തിൽ വീടും, വീടിനുള്ള സ്ഥലവുംനഷ്ടപ്പെട്ടവരെ സഹായിക്കുന്നതിന് സ്ഥലം ദാനം ചെയ്യാൻ തയ്യാറായവരെ നന്ദിയോടെ സ്മരിക്കുന്നു. ഇപ്രകാരം 62 കുടുംബങ്ങൾക്ക് സൗജന്യമായിസ്ഥലം നൽകി, അവർ വീടു പണി ആരംഭിച്ചു. എസ്.വി.ഡി. ഫാദേഴ്സ്, ഹോളിസ്പിരിറ്റ് സിസ്റ്റേഴ്സ് എന്നിവരുടെ സഹായത്തോടെ 178 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങിക്കുന്നതിനായി 1 ലക്ഷം രൂപ വീതം നൽകി. അവരെല്ലാം സ്ഥലം വാങ്ങിച്ച് വീടുപണി ആരംഭിച്ചു. കാരിത്താസ് സ്വിസ് എന്ന ഏജൻസി വഴി 811 കുടുംബങ്ങൾക്ക് 10000 രൂപ വീതം അവരുടെ അക്കൗണ്ടിൽ നൽകി. കൂടാതെ 1139 പേർക്ക് 1500 രൂപ വീതവും നൽകി. ഐ.ജി.എസ്.എസ്. എന്ന ഏജൻസി വഴി 533 കുടുംബങ്ങൾക്ക് 10000 രൂപ വീതം നൽകി. ഇത് അവരുടെ അടിയന്തിര ആവശ്യങ്ങൾക്ക് പ്രയോജനപ്പെട്ടു.

പ്രളയത്തിൽ വീട് പൂർണ്ണമായും നശിച്ചുപോയ 406 കുടുംബങ്ങൾക്ക് നാളിതുവരെ 34076664/ രൂപ വീട് നിർമ്മാണത്തിനായിനൽകി. ഇവരിൽ201 പേർ നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞു. കൂടാതെ വീടിന് സാരമായ കേടുപാടുകൾ സംഭവിച്ച 396 കുടുംബങ്ങൾക്ക്വീട് നവീകരണത്തിനായി10753673/ രൂപ നൽകി. ഇവരിൽ 240 വീടുകളുടെ നവീകരണം കഴിഞ്ഞു.ആട് വളർത്തൽ, കോഴി വളർത്തൽ, മത്സ്യകൃഷി, തേനീച്ച കൃഷി, പെട്ടിക്കട, തയ്യൽ ഷോപ്പ് തുടങ്ങി വിവിധ വരുമാന വർദ്ധനവ് പദ്ധതികൾക്കായി1161 കുടുംബങ്ങൾക്ക്4137980/ രൂപ സഹായമായി നൽകിയിട്ടുണ്ട്.

പ്രളയത്തിൽ സാരമായ കേടുപാടുകൾ സംഭവിച്ച പനംകുട്ടി, മുക്കുടം, കൈലാസം എന്നിവിടങ്ങളിലെ സ്കൂളുകൾ പുതുക്കി പണിയുന്നതിനും 6 അംഗൻ വാടികൾ നവീകരിക്കുന്നതിനും യുണൈറ്റഡ് വേ, ബാംഗ്ലൂർ എന്ന ഏജൻസി വഴി സഹായം



നൽകിയിട്ടുണ്ട്. 1000 സ്വാശ്രയ സംഘം ഭാരവാഹികൾക്ക് ദുരന്ത ആഘാത ലഘൂകരണത്തിന് പരിശീലനം നൽകി.

കാരിത്താസ് ഇൻഡ്യ, ഇൻഡോ ഗ്ലോബൽ സോഷ്യൽ സർവ്വീസ് സൊസൈറ്റി, ഹാബിറ്റാറ്റ് ഫോർ ഹ്യൂമാനിറ്റി, സി.എൻ.ഇ.ഡബ്ല്യൂ തുടങ്ങിയ നിരവധി ഫണ്ടിംഗ് ഏജൻസികളും, കോതമംഗലം, പാലാ, കാഞ്ഞിരപ്പിള്ളി, അജ്മീർ, കല്യാൺ, ഫരീദാബാദ് തുടങ്ങി നിരവധി രൂപതകളും, വിവിധ സന്യാസ സമൂഹങ്ങളും, മറ്റ് സംഘടനകളും, വ്യക്തികളും നമ്മെ സഹായിക്കുവാൻ മുൻപോട്ടു വന്നിരുന്നു.

10 ഗ്രാമങ്ങളെ കേന്ദ്രീകരിച്ച് ദുരന്ത ആഘാത ലഘൂകരണ പരിശീലനവും വോളണ്ടിയർ ടീം രൂപീകരണവും നടന്നു വരുന്നു. ഇടുക്കി ജില്ലാ ഭരണകൂടം, കാരിത്താസ് ഇൻഡ്യ, കേരള സോഷ്യൽ സർവ്വീസ് ഫോറം, കാരിത്താസ് സ്വിസ്, യുണൈറ്റഡ് വേ, ബാഗ്ലൂർ തുടങ്ങിയ ഏജൻസികൾ നമ്മുടെ പ്രവർത്തനങ്ങളെ പ്രത്യേകം ശ്ലാഘിച്ചിരുന്നു.

നമ്മുടെ ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങളിൽ നേതൃത്വം നൽകിയവരെയും സഹകരിച്ചവരെയും ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. കൂടാതെ എല്ലാ ഇടവകകളിലും വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ മറ്റു പ്രവർത്തനങ്ങളും നടന്നിട്ടുണ്ട് അതും നന്ദിയോടെ സ്മരിക്കുന്നു. ഈ കൂട്ടായ്മയും, സഹകരണവും തുടരുന്നതിന് ദൈവം നമ്മെ സഹായിക്കട്ടെയെന്ന പ്രാർത്ഥനയോടെ ഞാൻ നിങ്ങളെ ആശിർവദിക്കുന്നു.

എന്ന്

മാർ ജോൺ നെല്ലിക്കുന്നേൽ
ഇടുക്കി മെത്രാൻ

(ഈ സർക്കുലർ ആഗസ്റ്റ് മാസത്തിൽ ഒരു ഞായറാഴ്ച പള്ളിയിൽ വായിക്കണം)

**C. 15.** **സർക്കുലർ**

# തടവറ പ്രേഷിത ദിനം

## 2019 ആഗസ്റ്റ് 11 ഞായർ

**കെ.സി.ബി.സി. ജസ്റ്റിസ് പീസ് ആന്റ് ഡെവലപ്പ്മെന്റ് കമ്മീഷന്റെ ഭാഗമായ ജീസസ് ഫ്രട്ടേണിറ്റി നടത്തുന്ന തടവറ പ്രേഷിത പ്രവർത്തനങ്ങളിൽ സഭാമക്കളുടെ പങ്കിനെപ്പറ്റി പ്രതിപാദിക്കുന്ന സർക്കുലർ**

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

1887 മാർച്ച് 17-ന് പാരീസുകാരിയായ മരീ റെഗ്നോൾട്ട് അവളുടെ മുറിയിൽ മരിച്ചുകിടക്കുന്നതായി കാണപ്പെട്ടു. അവളുടെ കഴുത്ത് മുറിക്കപ്പെട്ടിരുന്നു. വാതിലിനടുത്ത് അവളുടെ വേലക്കാരിയായ അനീറ്റയുടെ മൃതദേഹം കിടന്നിരുന്നു. അവളുടെ കഴുത്തിനും മുറിവുണ്ടായിരുന്നു. അവളുടെ കിടക്കയിൽ വേലക്കാരിയുടെ മകൾ മരീയും മരിച്ചു കിടന്നിരുന്നു. ആഭരണങ്ങൾ മോഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ ക്രൂരത കാണിച്ചതെന്ന് ന്യൂയോർക്ക് ടൈംസ് എന്ന പത്രം റിപ്പോർട്ട് ചെയ്തു. ഒരാഴ്ചയ്ക്കുള്ളിൽ പോലീസ് കുറ്റവാളിയായ ഫ്രാൻസീനിയെ പിടികൂടി. അയാൾക്ക് മൂന്നു കൊലപാതകക്കുറ്റങ്ങൾക്കുള്ള വധശിക്ഷ വിധിക്കപ്പെട്ടു.

ഈ സംഭവം നടക്കുമ്പോൾ ലിസ്യുവിലെ കൊച്ചുത്രേസ്യയ്ക്ക് പതിനാലു വയസ്സേ ഉണ്ടായിരുന്നുള്ളൂ. എന്നാലും അതിൽ ഇടപെടാൻ താൻ നിർബന്ധിക്കപ്പെടുന്നതായി അവൾക്കു തോന്നി. "ഒരാത്മാവിന്റെ കഥ" എന്ന ആത്മകഥയിൽ അവൾ ഇതിനെക്കുറിച്ച് എഴുതിയിട്ടുണ്ട്. ഫ്രാൻസീനി മനസ്തപിക്കാതെ മരിക്കുമെന്ന് അവൾക്കു തോന്നി. അയാളെ നരകത്തിൽ വീഴാതെ എന്തു വിലകൊടുത്തും രക്ഷിക്കണമെന്ന് അവൾ ആഗ്രഹിച്ചു. ഫ്രാൻസീനിയെ രക്ഷിക്കാൻ വേണ്ടി നമ്മുടെ കർത്താവിന്റെ അനന്ത യോഗ്യതകൾ അവൾ ദൈവത്തിനു കാഴ്ചവച്ചു. വിശുദ്ധ കുർബാനകൾ കാഴ്ച



വച്ചു, പരിത്യാഗങ്ങൾ അനുഷ്ഠിച്ചു. 1887 സെപ്റ്റംബർ 1-ാം തീയതി പത്രത്തിൽ ഇങ്ങനെ വായിച്ചു: ഫ്രാൻസീനിയുടെ തല വധയന്ത്രത്തിൽ വയ്ക്കാൻ തുടങ്ങിയപ്പോൾ അയാൾ തിരിഞ്ഞ് പുരോഹിതൻ നീട്ടിപ്പിടിച്ച ക്രൂശിത രൂപത്തിൽ പിടിച്ച് തിരുമുറിവുകളെ മൂന്നു പ്രാവശ്യം ചുംബിച്ചു. "അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊൻപതു നീതിമാൻമാരെക്കുറിച്ച് എന്നതിനെക്കാൾ അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗ്ഗത്തിൽ കൂടുതൽ സന്തോഷം ഉണ്ടാകും" (ലൂക്കാ 15,7) എന്ന് പ്രഖ്യാപിക്കുന്ന യേശുവിന്റെ കരുണാപൂർവകമായ വചനം കേട്ട് അയാൾ ലോകം വിട്ടു പോയി.

തടവുകാരെ നിത്യനാശത്തിൽ നിന്നു സ്വതന്ത്രരാക്കാൻ കത്തോലിക്കരായ നമുക്ക് വിശുദ്ധ കൊച്ചുത്രേസ്യയ്ക്കെന്നപോലെ വലിയ ഉത്തരവാദിത്വമുണ്ട്. തടവുകാരുടെ ദയനീയ സ്ഥിതിയെപ്പറ്റി നാം ചിന്തിച്ചിട്ടുണ്ടോ? അവരുടെ സഹനം? അപമാനം? പ്രതീക്ഷയില്ലായ്മ? നിസ്സഹായമനോഭാവം? മനുഷ്യത്വത്തിനു യോജിക്കാത്ത അവസ്ഥകൾ? അവരുടെ കുടുംബങ്ങൾ? ഇരകളാക്കപ്പെട്ടവരും അവരുടെ കുടുംബങ്ങളും? മിക്കപ്പോഴും തടവറകൾ തിങ്ങിഞെരുങ്ങിയതും വേണ്ടത്ര ഉദ്യോഗസ്ഥരില്ലാത്തതും അനാരോഗ്യപരവും സാമ്പത്തിക പരിമിതികളാൽ ശോചനീയവുമായി കാണപ്പെടാറുണ്ട്. നാം എന്നെങ്കിലും അവർക്കുവേണ്ടി പ്രാർത്ഥിച്ചിട്ടുണ്ടോ? അവർക്ക് ഒരു എഴുത്തയച്ചിട്ടുണ്ടോ? അവരെ സന്ദർശിച്ചിട്ടുണ്ടോ? ഇത് കർത്താവു തന്നെ പറഞ്ഞതാണ്: "ഞാൻ കാരാഗൃഹത്തിലായിരുന്നു; നിങ്ങൾ എന്നെ സന്ദർശിച്ചോ?" സുപ്രധാനമായ ഈ ദൗത്യം നമ്മെ ഓർമ്മിപ്പിക്കുന്നതിനുവേണ്ടി ഭാരത കത്തോലിക്കസഭ തടവറ പ്രേഷിത പ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥനായ വി. മാക്സ് മില്യൻ മരിയ കോൾബേയുടെ തിരുനാൾ ദിനമായ ആഗസ്റ്റ് 14 നു മുൻപ് വരുന്ന ഞായറാഴ്ച തടവുകാർക്കുവേണ്ടി മാറ്റിവച്ചിരിക്കുകയാണ്. യേശു സാഹോദര്യ ശുശ്രൂഷാ ഞായർ എന്നാണ് അത് അറിയപ്പെടുന്നത്.

ക്രിമിനൽ പോളിസി ഇൻസ്റ്റിറ്റ്യൂട്ടിന്റെ (ICPR) റിപ്പോർട്ട് അനുസരിച്ച് 2018 സെപ്റ്റംബർ 30-ന് ലോകത്തിൽ ഒരു കോടി ഏഴു ലക്ഷത്തിനാല്പത്തിമൂവായിരത്തി അറുനൂറ്റി പത്തൊമ്പത് തടവുകാരുണ്ട്. ഇന്ത്യയിൽ നാലു ലക്ഷത്തി പത്തൊമ്പതിനായിരത്തി അറു

നൂറ്റി ഇരുപത്തിമൂന്ന് സഹോദരങ്ങൾ തടവറകളിലുണ്ട്. അവർക്കു വേണ്ടി പ്രാർത്ഥിക്കാനും അവരെ സന്ദർശിക്കാനും അവരുടെ മോചനത്തിനുവേണ്ടിയുളള നിയമാനുസൃതമായ പ്രക്രിയയിൽ സഹായിക്കാനും അവരുടെ ജീവിത നവീകരണം പുനരധിവാസം, അവരുടെ കുടുംബങ്ങൾ എന്നീ മേഖലകളിൽ ശ്രദ്ധ പതിപ്പിക്കാനും നമുക്ക് കടമയുണ്ട്; എന്തെന്നാൽ തടവറക്കാർ നമ്മുടെ സഹോദരങ്ങളാണ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവർ (ഉത്. 1:27). കുറ്റക്കാരെ കർശനമായി നേരിടണമെന്നും അവർക്കു കഠിനമായ ശിക്ഷ നല്കണമെന്നും ചിന്തിക്കുന്നവരാണ് നമ്മിൽഭൂരിഭാഗം ആളുകളും. അതു കുറെയൊക്കെ സാധൂകരിക്കാവുന്നതുമാണ്. കുറ്റങ്ങൾ കുറയ്ക്കാൻ അത് സഹായകരമാണെന്നു പൊതുവേ കരുതപ്പെടുന്നു. പ്രത്യേകിച്ച്, ആക്രമണത്തിന് വിധേയരായവരുടെ അവകാശങ്ങളോടുള്ള താത്പര്യവും അവരോടുള്ള അനുകമ്പയും കുറ്റവാളികളോട് ഒരു പ്രതികാരമനോഭാവം ഉണർത്തുവാൻ ഇടയാക്കുന്നു എന്ന് സമ്മതിക്കണം. ഈ സാഹചര്യത്തിൽ കുറ്റംചെയ്യുന്നവരോടുള്ള കത്തോലിക്കരുടെ പ്രതികരണമെന്തായിരിക്കണം? സുവിശേഷമൂല്യങ്ങളാൽ നയിക്കപ്പെട്ട് അവരെ മാനസാന്തരത്തിലേക്ക് നയിക്കണമെന്ന് തിരുസഭ സഭാമക്കളെ ഓർമ്മിപ്പിക്കുന്ന ദിനമാണിന്ന്.

യേശു പ്രത്യേകമായ വിധത്തിൽ തടവറക്കാരെയും വേശ്യകളെയും ചുങ്കം പിരിക്കുന്നവരെയും കുറ്റവാളികളെയും സ്നേഹിക്കുകയും അവരെ രക്ഷിക്കാൻ തന്റെ രക്തം ചിന്തുകയും ചെയ്തു. അവിടുന്നു പറഞ്ഞു: “ചുങ്കക്കാരും വേശ്യകളുമായിരിക്കും നിങ്ങൾക്കു മുമ്പേ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക” (മത്തായി 21:31). അവിടുന്ന് മത്തായിയുടെ ചുങ്കപ്പിരിവു കേന്ദ്രം സന്ദർശിക്കുകയും അദ്ദേഹത്തെ തന്റെ ശിഷ്യനാക്കുകയും ചെയ്തു. പാപികളുടെയും ചുങ്കക്കാരുടെയും കൂടെ ഇരുന്ന് ഭക്ഷണം കഴിച്ചപ്പോൾ യേശു പറഞ്ഞു, താൻ നീതിമാന്മാരെ വിളിക്കാനല്ല പാപികളെ അനുതാപത്തിലേക്ക് വിളിക്കാനാണ് വന്നതെന്ന് (ലൂക്കാ 5:32). നസ്രത്തിലെ സിനഗോഗിൽ വച്ച് യേശു “ബന്ധനസ്ഥർക്ക് മോചനം പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു” എന്നും (ലൂക്കാ 4:18). താൻ വിശക്കുന്നവരിലും ദാഹിക്കുന്നവരിലും വിജാതീയരിലും ദരിദ്രരിലും രോഗികളിലും ബന്ധനസ്ഥരിലും ജീവിക്കുന്നു എന്നും വെളിപ്പെടുത്തിയിരിക്കുന്നു (മത്തായി 25:31-46).



തടവറ ശുശ്രൂഷാ ഞായറാഴ്ചയുടെ 2019-ലെ പ്രമേയം “ഭിത്തികൾ തടവറകൾ സൃഷ്ടിക്കുന്നില്ല” എന്നതാണ്. റിച്ചാർഡ് പോളിന്റെ ‘തടവറയിൽനിന്ന് അൾത്താരയിലേക്ക്’ (From prison to the Altar) എന്നു പേരുള്ള കവിതയിൽ നിന്നാണ് ഈ ആപ്തവാക്യം എടുത്തിട്ടുള്ളത്. വെസ്റ്റ് മിനിസ്റ്റർ ആബിയുടെ അടുത്തുള്ള ഗെയ്റ്റ് ഹൗസ് പ്രിസൺ എന്ന ജയിലിൽ തടങ്കൽ വാസമനുഭവിക്കുമ്പോഴാണ് ഈ കവിത അദ്ദേഹം എഴുതിയത്. കരിങ്കൽ ഭിത്തികളും ഇരുമ്പഴികളും സ്വതന്ത്രമായ ശാരീരിക ചലനത്തിൽ നിന്ന് വ്യക്തികളെ തടയുന്നു. പക്ഷേ, ഇനിയും സ്വതന്ത്രമായി സ്നേഹിക്കാൻ കഴിയുമെങ്കിൽ അവരുടെ ചിന്തകൾ സ്വതന്ത്രമായി പറക്കുന്നു. അപ്പോൾ അവർ ഹൃദയത്തിലും മനസ്സിലും ആത്മാവിലും സ്വതന്ത്രരാണ്. ജയിൽവാസം ഒരുവന്റെ ചിന്തകളെയും ഭാവനയെയും സ്വപ്നങ്ങളെയും കാഴ്ചകളെയും, ഉൾക്കാഴ്ചകളെയും പദ്ധതികളെയും തടയുന്നില്ല. നിങ്ങൾക്ക് മനസ്സിന്റെ ശരിയായ ചട്ടക്കൂടുണ്ടെങ്കിൽ, നിങ്ങളുടെ മനസ്സ് നിഷ്കളങ്കവും പ്രശാന്തവുമാണെങ്കിൽ മറ്റുള്ളവർ തടവറയായി കാണുന്നതിനെ അഭയകേന്ദ്രമായി, ആശ്രയമായി കാണാനാവും. അവിടെ പരിഷ്കാരങ്ങളും ജീവിതനവീകരണങ്ങളുമുണ്ടാകും. എന്തെന്നാൽ, ദൈവത്തിന് ഒന്നും അസാധ്യമല്ല (ലൂക്കാ 1:37).

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2019 ജനുവരി 25-ന് പനാമയിലെ ലാസ് ഗർസാസ് ദെ പക്കോറാ എന്ന സ്ഥലത്ത് പ്രായപൂർത്തിയാവാത്തവരെ തടവിൽ പാർപ്പിക്കുന്ന കേന്ദ്രത്തിൽ നടത്തിയ അനുതാപ ലിറ്റർജിയിൽ പാപികളെയും കുറ്റക്കാരെയും അകറ്റിനിർത്താൻവേണ്ടി സമൂഹം അദൃശ്യഭിത്തികൾ നിർമ്മിക്കുന്നതിനെ അപലപിച്ചു. അദ്ദേഹം പ്രഭാഷണത്തിൽ ഇങ്ങനെ ആഹ്വാനം ചെയ്തു: “തിന്മയെ നന്മ കൊണ്ടും ദ്രോഹത്തെ ക്ഷമകൊണ്ടും കീഴടക്കാനും എല്ലാവരോടും സമാധാനത്തിൽ ജീവിക്കാനും വേണ്ടി ഭിത്തികൾ നിർമിക്കാതെ പാലങ്ങൾ നിർമ്മിക്കാൻ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു.” ലോകത്തിലെല്ലാം വധശിക്ഷ ഇല്ലാതാക്കാൻ ഫ്രാൻസിസ് പാപ്പാ പരിശ്രമിക്കുന്നു. നമുക്ക് അദ്ദേഹത്തോട് ചേർന്നു

നിൽക്കാം. കാരണം, വധശിക്ഷ മനുഷ്യത്വത്തെ ആക്രമിക്കലാണ്. ഇത്തരുണത്തിൽ ഭാരതത്തിൽ ഈ അടുത്തിടെ പാസ്സാക്കിയ വധ ശിക്ഷാനിയമം - കുഞ്ഞുങ്ങളെ ലൈംഗികമായി പീഡിപ്പിക്കുന്ന വർക്കുള്ള വധശിക്ഷാനിയമം - ഏറെ വേദനയോടെയാണ് കാണുന്നത്. കുഞ്ഞുങ്ങൾക്കും വെല്ലുവിളികൾ നേരിടുന്നവർക്കും എതിരേനടക്കുന്ന ഇത്തരത്തിലുള്ള അതിക്രമങ്ങൾ തീർത്തും അപലനീയവും ഗൗരവമായ കുറ്റവും ആണ്. എന്നാൽ അതിന്റെ പേരിൽ കുറ്റക്കാരെ വധിക്കുന്ന നിയമം വീണ്ടും അപകടകരവും മനുഷ്യത്വഹീനവുമാണ്. ജീവൻ ദൈവത്തിന്റെ ദാനമാണ്. അത് പരിപോഷിപ്പിക്കപ്പെടുകതന്നെ വേണം.

യേശുസാഹോദര്യകൂട്ടായ്മയുടെ അഥവാ തടവറ പ്രേഷിത കൂട്ടായ്മയുടെ പ്രസക്തി ഇന്ന് എന്നത്തേതിനേയുംകാൾ വലുതാണ്. ജീസസ്സ് ഫ്രട്ടേണിറ്റി, തടവറകളിൽ ശുശ്രൂഷചെയ്യുന്ന ഒരു കൂട്ടായ്മയാണ്. കഴിഞ്ഞ 33 വർഷങ്ങളായി കേരളത്തിലെ 55- ഓളം വരുന്ന ജയിലുകൾ സന്ദർശിക്കുകയും തടവറയിലെ സഹോദരങ്ങൾക്ക് ഭാവാത്മകമായ ചിന്തകളിലൂടെയും ക്ലാസുകളിലൂടെയും കൗൺസലിങ്ങുകളിലൂടെയും ക്രൈസ്തവരായവർക്ക് പരിശുദ്ധ കുർബ്ബാനയും കുമ്പസാരവും പരികർമ്മം ചെയ്യുന്നതിലൂടെയും ശരിയായ ജീവിതദർശനം പകർന്നു നൽകി നല്ലചിന്തകളാൽ അവരുടെ മനസ്സിനെ നിറയ്ക്കുകയും ചെയ്യുന്നതിൽ ഈ കൂട്ടായ്മ അങ്ങേയറ്റം ശ്രദ്ധിക്കുന്നു. കേരളകത്തോലിക്കാ മെത്രാൻസമിതിയുടെ ജസ്റ്റീസ് പീസ് ആന്റ് ഡിവലപ്പ്മെന്റ് എന്ന കമ്മീഷന്റെ കീഴിൽ ഒരു വിഭാഗമായി ജീസസ്സ് ഫ്രട്ടേണിറ്റി പ്രവർത്തിക്കുന്നു. ജയിലുകൾ മാത്രമല്ല, തടവറയിലെ സഹോദരരുടെയും കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെയും ഭവനങ്ങൾ സന്ദർശിക്കുകയും കുടുംബങ്ങൾക്ക് ആശ്വാസമേകുകയും ജയിൽ മോചിതരായവരെയും അവരുടെ മക്കളെയും ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പുനരധിവാസകേന്ദ്രങ്ങളിൽ താമസിപ്പിച്ച് പഠിപ്പിക്കുകയും വിവാഹപ്രായമെത്തിയവരെ വിവാഹം കഴിപ്പിച്ചയ്ക്കാൻ സഹായിക്കുകയും ചെയ്യുക എന്നതെല്ലാം ഈ കൂട്ടായ്മ കഴിഞ്ഞ 33 വർഷമായി ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളാണ്.



പതിനൊന്ന് പുനരധിവാസകേന്ദ്രങ്ങൾ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്നു. മൂന്നെണ്ണം വീതം പുരുഷന്മാർക്കും സ്ത്രീകൾക്കും ബാക്കി കുട്ടികൾക്കും വേണ്ടിയുമാണ് നിജപ്പെടുത്തിയിരിക്കുന്നത്. തടവറയിൽ നിന്നിറങ്ങുന്നവരെ പുനരധിവസിപ്പിക്കാനുള്ള കേന്ദ്രങ്ങൾ ഇന്ത്യയിൽത്തന്നെ യേശുസാഹോദര്യകൂട്ടായമയ്ക്ക് മാത്രമാണുള്ളത്. 2550-ൽ പരം തടവറക്കാരെ പുനരധിവസിപ്പിക്കാനും സാധാരണ ജീവിതത്തിലേക്ക് കൊണ്ടുവരാനും യേശുസാഹോദര്യ കൂട്ടായ്മയ്ക്ക് സാധിച്ചിട്ടുണ്ട്. തൃശ്ശൂർ വെട്ടുക്കാട്ടിൽ പുരുഷന്മാർക്കുള്ള കേന്ദ്രവും തിരുവനന്തപുരം മൺവിളയിൽ സ്ത്രീകൾക്കുള്ള കേന്ദ്രവും യേശുസാഹോദര്യത്തിന്റെ നേരിട്ടുള്ള സംരക്ഷണയിലും നിയന്ത്രണത്തിലുമാണ്. 1990 -ൽ ആരംഭിച്ച ഈ പുനരധിവാസ കേന്ദ്രങ്ങളിൽ നിന്ന് നൂറിലധികം പെൺകുട്ടികളെ നാളിതുവരെ വിവാഹം കഴിപ്പിച്ച് അയച്ചിട്ടുണ്ട്. 500-ൽ പരം കുടുംബങ്ങൾ പുനരധിവസിപ്പിക്കപ്പെട്ടു. അവരുടെ കൂട്ടായ്മകൾ വിളിച്ചു ചേർക്കുകയും അവരുടെ മക്കൾക്കായി എല്ലാവർഷവും ക്യാമ്പുകൾ സംഘടിപ്പിച്ച് പഠനോപകരണങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കേരളത്തിലെ തടവറകളിൽ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരമെന്നോണം ജയിൽ വകുപ്പ് എല്ലാ ജയിലുകളും സന്ദർശിക്കാൻ ഈ കൂട്ടായ്മയ്ക്ക് മാത്രം ഒരു പൊതു അംഗീകാരം നല്കിയിട്ടുണ്ട്.

കേരളത്തിലെ 33 രൂപതകളിലും ഡയറക്ടർ അച്ചന്മാരുടെ നേതൃത്വത്തിൽ 46ഓളം യൂണിറ്റുകളിലായി 1000-ത്തിൽ പരം വോളണ്ടിയർമാർ പ്രത്യക്ഷമായും പരോക്ഷമായും ഈ ശുശ്രൂഷയിൽ പങ്കുചേരുന്നു. കേരളത്തിലെ എല്ലാ രൂപതകളിലും കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നുവരണമെന്ന് അഭ്യർത്ഥിക്കുന്നു. കേരളത്തിലെ ഒൻപത് മേജർ സെമിനാരികളിലും ജീസസ് ഫ്രട്ടേണിറ്റി യൂണിറ്റുകൾ ഭംഗിയായി പ്രവർത്തിക്കുന്നുണ്ട്. സെമിനാരിക്കാർ ഈ രംഗത്ത് ചെയ്യുന്ന ശുശ്രൂഷ സ്തുത്യർഹമാണ്. അനേകം അല്മായരും സിസ്റ്റേഴ്സും ഈ പ്രവർത്തനത്തിൽ പങ്കുചേരുന്നു. അവർക്കെല്ലാം ഹൃദയപൂർവകമായ അനുമോദനങ്ങളും നന്ദിയും അർപ്പിക്കട്ടെ. തടവറ പ്രേഷിതദിനത്തിൽ ഇടവകയിൽ ശേഖരിക്കുന്ന

പിരിവുകൊണ്ടാണ് ജീസസ് ഫ്രട്ടേണിറ്റിയുടെ ബഹുമുഖപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നത്. ഈ വർഷവും ആ പിരിവ് നടത്തി പി.ഒ.സി.യിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റിയുടെ സംസ്ഥാന ഓഫീസിലേക്ക് അയച്ചുകൊടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. എല്ലാവരുടെയും ഔദാര്യപൂർണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമല്ലോ.

ജീസസ്സ് ഫ്രട്ടേണിറ്റിക്ക് എല്ലാവിധ നന്മകളും നേരുന്നതോടൊപ്പം ആഗതമാകുന്ന ഭാരതസ്വാതന്ത്ര്യദിനം നമ്മെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും നന്മയിലേക്കും നയിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

ജീസസ്സ് ഫ്രട്ടേണിറ്റിക്കുവേണ്ടി,

**ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്**
ചെയർമാൻ, കെസിബിസി ജസ്റ്റീസ് പീസ് ആൻഡ്
ഡെവലപ്പ്മെന്റ് കമ്മീഷൻ

**ആർച്ചുബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ**
വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റീസ് പീസ് ആൻഡ്
ഡെവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റീസ് പീസ് ആൻഡ്
ഡെവലപ്പ്മെന്റ് കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

N:B: 2019 ആഗസ്റ്റ് 11-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.



**C. 16. സർക്കുലർ**

# ജസ്റ്റീസ് സൺഡേ (നീതി ഞായർ)

## 2019 ആഗസ്റ്റ് 18, ഞായർ

**കെ.സി.ബി.സി. SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ**

ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ ആഹ്വാനമനുസരിച്ച് ഭാരതത്തിന്റെ സ്വാതന്ത്ര്യദിനമായ ആഗസ്റ്റ് 15 കഴിഞ്ഞുവരുന്ന ഞായറാഴ്ച നീതിഞായർ (ജസ്റ്റീസ് സൺഡേ) ആയി ആചരിക്കുന്നു. ക്രിസ്തുമതം സ്വീകരിച്ചതിന്റെ പേരിൽ തുല്യനീതി നിഷേധിക്കപ്പെട്ട ദലിത് ക്രൈസ്തവരോടുള്ള കത്തോലിക്കാസഭയുടെ ഐക്യദാർഢ്യം നവീകരിക്കുന്ന ദിവസമാണിത്. ഒരുമിച്ചു പ്രാർത്ഥിച്ചുകൊണ്ടും ദലിത് ക്രൈസ്തവരുടെ ക്ഷേമത്തിനായുള്ള പ്രവർത്തനങ്ങളിൽ ഉദാരമായി പങ്കുചേർന്നുകൊണ്ടും ഈ ദിനം കൂടുതൽ ഫലവത്താക്കാൻ നമുക്ക് പരിശ്രമിക്കാം.

തന്റെ നാമത്തെപ്രതി പീഡിപ്പിക്കപ്പെടുകയോ തരം താഴ്ത്തപ്പെടുകയോ ചെയ്യുന്നവരോട് യേശു പറഞ്ഞത് 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്നാണ്. ഈ വസ്തുത ഫ്രാൻസിസ് പാപ്പാ 'ആനന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്ന തന്റെ അപ്പസ്തോലികാഹ്വാനത്തിലൂടെ നമ്മെ ഓർമ്മിപ്പിക്കുന്നു (നമ്പർ 1). നമ്മുടെ വിശ്വാസത്തെപ്രതി ഈ ലോകത്തിൽ നമുക്കു നേരിടേണ്ടിവരുന്ന പ്രതികൂല അനുഭവങ്ങളുടെ മധ്യേ നമുക്കുണ്ടാകേണ്ട മനോഭാവം എന്തെന്ന് യേശുവിന്റെ ഈ വചനം നമ്മെ പഠിപ്പിക്കുന്നു. ലോകത്തുള്ള മറ്റെന്തിനെക്കാളും ഉപരിയായി ദൈവസ്നേഹത്തെ നാം വിലമതിക്കുകയാണെങ്കിൽ വിശുദ്ധ പൗലോസ് അപ്പസ്തോലനെപ്പോലെ നമുക്കും പറയാൻ കഴിയും: "ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് ആര് നമ്മെ വേർപെടുത്തും?" (റോമ 8:35-39). സഹനങ്ങളുടെ മധ്യേയും യേശു

വിന്റെ സ്നേഹം അനുഭവിച്ചുകൊണ്ട് ജീവിതത്തിൽ മുന്നേറുവാൻ നമുക്കു കഴിയും. യേശു അരുൾചെയ്തതുപോലെ 'ശത്രുക്കളെ സ്നേഹിക്കുകയും ദ്രോഹിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുകയും, ചെയ്താൽ നമുക്കു സ്വർഗസ്ഥനായ പിതാവിന്റെ മക്കളായിത്തീരാം (മത്താ 5:4348).

തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ വിവേചനത്തിനിരയായി വേദനയനുഭവിക്കുന്ന സഹോദരങ്ങളുടെ നേരെ കണ്ണുകളടയ്ക്കുവാൻ ഒരു ക്രിസ്തുവിശ്വാസിക്ക് കഴിയുകയില്ല. അവരുടെ സഹനങ്ങളിൽ പങ്കുചേരുകയും അവരുടെ ഉന്നമനത്തിനാവശ്യമായ പ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്യാൻ നമുക്കേവർക്കും കഴിയണം. പ്രത്യേകിച്ച്, അവരുടെ സഹനത്തിന്റെയും കഠിനാധ്വാനത്തിന്റെയും നല്ല ഫലങ്ങളനുഭവിക്കുന്നവർ അവരുടെ ക്ഷേമത്തിനായി സ്വയം ത്യാഗം ചെയ്യാനും അവരുടെ ഉന്നമനത്തിനായി പ്രവർത്തിക്കാനും തയ്യാറാകണം.

സഭയ്ക്കുള്ളിൽ ജാതിവിവേചനത്തിന്റേതായ എല്ലാ സമീപനങ്ങളും പൂർണമായി ഒഴിവാക്കാനും സഭയിൽ പ്രത്യേക പരിഗണന നല്കി ദലിത് സഹോദരങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ലക്ഷ്യംവച്ചുകൊണ്ട് ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ ദലിത് ശക്തീകരണനയം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് പഠിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും സഭാസമൂഹം ഒന്നിച്ച് പരിശ്രമിക്കണം. കേരള കത്തോലിക്കാ മെത്രാൻ സമിതി, ദലിത് കത്തോലിക്കാ മഹാജനസഭ (DCMS) എന്ന പ്രസ്ഥാനത്തിലൂടെയാണ് ദലിത് സഹോദരങ്ങളുടെ സമഗ്ര വികസനത്തിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക രംഗങ്ങളിലെല്ലാം ദലിത് ക്രൈസ്തവരുടെ പങ്കാളിത്തം വർധിക്കേണ്ടതുണ്ട്. ഭവനനിർമ്മാണം, വിദ്യാഭ്യാസപ്രോത്സാഹനം, നേതൃത്വ പരിശീലനം, കരിയർ ഗൈഡൻസ്, സർക്കാരുമായുള്ള ബന്ധപ്പെടൽ തുടങ്ങിയ മേഖലകളിൽ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ നേരിൽക്കണ്ട് ദലിത് ക്രൈസ്തവ വിഷയങ്ങൾ ചർച്ച ചെയ്യുകയും നിവേദനങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ കോർപ്പറേഷനുമായി



തുടർചർച്ചകൾ നടക്കുന്നുണ്ട്. കഴിഞ്ഞ രണ്ടു വർഷങ്ങളിലായി വിവിധ സന്യസ്തസഭകളുടെയും ഭക്തസംഘടനകളുടെയും രൂപതകളുടെയും സഹായസഹകരണത്തോടെ ഭവനരഹിതരായ 300 ദലിത് കത്തോലിക്കാ കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനായി 5,25,00,000 (അഞ്ചുകോടി ഇരുപത്തഞ്ചു ലക്ഷം) രൂപയും വിദ്യാഭ്യാസ സ്കോളർഷിപ്പായി കഴിഞ്ഞവർഷം 3,52,000 (മൂന്നു ലക്ഷത്തിഅൻപത്തിരണ്ടായിരം) രൂപയും ധനസഹായം നല്കിയിട്ടുണ്ട്. വരുംവർഷങ്ങളിൽ ഭവനനിർമ്മാണം, വിദ്യാഭ്യാസ സ്കോളർഷിപ്പ് കൂടാതെ Talent and Skill Development Program ഉം കലാവൈഭവമുള്ളവർക്ക് പ്രത്യേക പരിശീലനപരിപാടികളും ഉദ്ദേശിക്കുന്നു. ഈ പദ്ധതികൾക്ക് വലിയ സാമ്പത്തിക സഹായം ആവശ്യമാണ്. ആഗസ്റ്റ് 18-ാംതീയതി ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച പൂർണമായും കെ.സി.ബി.സി. SC/ST/BC കമ്മീഷന് നല്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**
ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

N.B: 2019 ആഗസ്റ്റ് 18-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# രൂപതക്കച്ചേരി

**C. 43/19 Monthly Recollection for Priests**

ആഗസ്റ്റ് മാസത്തെ പഠനവിഷയം: ഇടുക്കി രൂപതാ നിയമാവലി 372 മുതൽ 375 വരെ നമ്പറുകൾ ബഹു. വൈദികർ ഒരുമിച്ചുകൂടി വായിച്ച് ചർച്ച ചെയ്യുന്നു.

*Proto-syncellus*

**C. 44/19 യുവവൈദികരുടെ വാർഷിക സെമിനാർ**

യുവവൈദികർക്കുവേണ്ടിയുള്ള വാർഷിക സെമിനാർ സെപ്റ്റംബർ 16 മുതൽ 18 വരെ തിയതികളിൽ അടിമാലി ആത്മജ്യോതിയിൽവച്ച് നടത്തുന്നതാണ്. സെമിനാർ 16-ാം തിയതി രാവിലെ 10.30 ന് ആരംഭിച്ച് 18-ാം തിയതി വൈകുന്നേരം 4 മണിക്ക് അവസാനിക്കും.

2013 ജനുവരി 31 നുശേഷം തിരുപ്പട്ടം സ്വീകരിച്ച എല്ലാ വൈദികരും ഇതിൽ പങ്കെടുക്കേണ്ടതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

*Proto-syncellus*

**C. 45/19 Pastoral Council**

An ordinary meeting of the Pastoral Council of the Eparchy of Idukki will be held on 17th August 2019 (Saturday) at Atmajyothy, Adimali. Topics to be included in the agenda may be sent to the chancellor before 10th August 2019.

Time : 10.00 am - 4.00pm.

*Secretary*

**C. 46/19 Presbyteral Council**

An ordinary meeting of the Presbyteral Council of the



Eparchy of Idukki will be held on Tuesday, 13th August 2019 at the Bishop's House, Karimpan. Topics to be included in the agenda may be sent to the chancellor before 10th August 2019.

Time: 10.30 am - 2.00 pm.

*Secretary*

**C. 46/19 തിരുനാൾ മംഗളങ്ങൾ**

| | |
|---|---|
| റവ. ഫാ. ഡോമിനിക് കോയിക്കൽ | ആഗസ്റ്റ് 8 |
| റവ. ഫാ. ഡോമിനിക് കാരിവേലിൽ | ” |
| റവ. ഫാ. അഗസ്റ്റിൻ കുത്തനാപ്പള്ളിൽ | ആഗസ്റ്റ് 28 |

*Bishop*

# ക്രിസ്തുജ്യോതി

**CJ. 56/19 ലോഗോസ് ക്വിസ് 2019**

ലോഗോസ് രജിസ്ട്രേഷൻ ജൂലൈ 31 ന് അവസാനിച്ചു. ഓരോ ഇടവകയും ഓൺലൈൻ രജി. ഷീറ്റും രജിസ്ട്രേഷൻ ഫീസും ക്രിസ്തുജ്യോതി ഓഫീസിൽ എത്തിച്ചിട്ടില്ലെങ്കിൽ ഉടൻ തന്നെ എത്തിക്കുമല്ലോ.

**CJ. 57/19 നവാഗതരായ അദ്ധ്യാപകർക്കുള്ള പരിശീലനം**

നവാഗതരായ മതാദ്ധ്യാപകർക്കുവേണ്ടിയുള്ള Basic Training Course ആഗസ്റ്റ് 23-ാം തിയതി 10.00 am മുതൽ 25-ാം തിയതി 1.00 pm വരെ തടിയമ്പാട് ഫാത്തിമ മാതാ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെടുന്നു. Basic Training Course-ൽ പങ്കെടുക്കാത്ത രൂപതയിലെ എല്ലാ നവാഗതരായ അദ്ധ്യാപകരും നിർബന്ധമായും ഈ കോഴ്സിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്. രജി. ഫീസ് Rs. 700.

## CJ. 58/19 സ്റ്റഡിഫോറവും പ്രാർത്ഥനാദിനവും

ആഗസ്റ്റ് 18 നാണ് മതാദ്ധ്യാപകരുടെ സ്റ്റഡിഫോറവും പ്രാർത്ഥനാദിനവും നടത്തേണ്ടത്. പഠനഭാഗം:- "വിശ്വാസ വഴിയിലെ സംശയങ്ങൾ" - ഭാഗം IV, 13 മുതൽ 19 വരെ ചോദ്യങ്ങൾ.

## CJ. 59/19 സ്റ്റാഫ് സ്റ്റേറ്റുമെന്റ്

സ്റ്റാഫ് സ്റ്റേറ്റുമെന്റ് നൽകാത്ത ഇടവകകൾ എത്രയും വേഗം അവ ക്രിസ്തുജ്യോതി ഓഫീസിൽ എത്തിക്കേണ്ടതാണ്.

## CJ. 60/19 സഹ്യജ്യോതി +2 ധ്യാനം

2019 ആഗസ്റ്റ് 15-ാം തിയതി മുതൽ 18-ാം തിയതി വരെ നടത്താൻ നിശ്ചയിച്ചിരുന്ന സഹ്യജ്യോതി +2 ധ്യാനം (അടിമാലി റീജിയൺ) ചില സാങ്കേതിക കാരണങ്ങളാൽ നടത്താൻ കഴിയുകയില്ല എന്ന വിവരം അറിയിക്കുന്നു. ബാക്കി മാസങ്ങളിൽ നടത്താൻ നിശ്ചയിച്ചിരിക്കുന്ന ധ്യാനങ്ങൾ കൃത്യമായി അറിയിച്ചിരിക്കുന്ന ദിവസങ്ങളിൽ തന്നെ ഉണ്ടായിരിക്കുന്നതാണ്.

## CJ. 61/19 YES ടാലന്റ് ടെസ്റ്റ് പരീക്ഷ ഫലം

കഴിഞ്ഞ മാസം നടത്തിയ YES ടാലന്റ് ടെസ്റ്റിന്റെ പേപ്പർ വാല്യൂ ചെയ്ത് ഈ പറയുന്ന ഈമെയിൽ അഡ്രസ്സിലേക്ക് അപ്‌ലോഡ് ചെയ്യുക. E-mail ID - gijijose@yahoo.com.

# CORPORATE EDUCATIONAL AGENCY

## Edn. 23/19 WANTED UGC LIBRARIAN

Applications are invited from eligible candidates to the post of UGC Librarian (open quota) in Pavanatma College, Murickassery under the Corporate Educational Agency, Diocese of Idukki. Applications should be reached in the office of Pavanatma College, Murickassery on or before 31.08.2019. Age and qualifications are per the rules of UGC and Government of Kerala.



Applications can be had from the college office on all working days, on a payment of Rs.600/-.

# സോഷ്യൽ സർവ്വീസ്

## SS 81/19 പുനരധിവാസ പ്രവർത്തനം

സൊസൈറ്റിയുടെ നേതൃത്വത്തിൽ ഇടുക്കി രൂപത നടത്തുന്ന ദുരിത ബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ മേഖലകളിലായി ഭവന നിർമ്മാണത്തിനായി ഇതുവരെ 406 പേർക്ക് 34076664/ രൂപയും, വീട് നവീകരണത്തിനായി 396 പേർക്ക് 10753673/ രൂപയും നൽകി. വരുമാന വർദ്ധനവിനുള്ള വ്യത്യസ്ത പദ്ധതികൾക്കായി (പശു, കോഴി, കോഴിക്കൂട്, ആടു വളർത്തൽ, തയ്യൽ മെഷീൻ, മീൻ വളർത്തൽ, തേനീച്ച വളർത്തൽ) ഇതുവരെ 1161 പേർക്കായി 4137980/ രൂപ ചിലവഴിച്ചു. കൂടാതെ മലനാട് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ സഹായത്തോടെ എച്ച്.ഡി.എസ്. വഴി 6 വീടുകൾക്ക് 5,00,000 രൂപയും വീട് നിർമ്മാണത്തിനായി നൽകി.

## SS 82/19 ദുരിതാശ്വാസനിധി

സൊസൈറ്റിയിൽനിന്നും ജൂലൈ മാസത്തിൽ2 പേർക്ക് ചികിത്സയ്ക്കായി 10000 രൂപ നൽകി.

## SS 83/19 അഞ്ജനം നേത്രദാന പദ്ധതി

അഞ്ജനം നേത്രദാന പദ്ധതിയിലൂടെജൂലൈ മാസത്തിൽ ത്രേസ്യാമ്മ ജോസഫ് ആനത്തറയ്ക്കൽ എല്ലക്കല്ല്, വർഗീസ് പുത്തൻപുരയിൽ എരുമേലി, വർഗീസ് മത്തായി കലത്തിപറമ്പിൽ ഉപ്പുതറ എന്നിവർ തങ്ങളുടെ കണ്ണുകൾ ദാനം ചെയ്തു.അവരുടെ കുടുംബാംഗങ്ങളെ പ്രത്യേകം നന്ദി അറിയിക്കുന്നു.

## SS 84/19 ഹരിതനിറവ് പദ്ധതി

നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ഹരിതനിറവ് പദ്ധതിയിൽ കാർഷിക അഭിവൃദ്ധിക്കായി ജൂലൈ മാസത്തിൽ പെരിഞ്ചാംകുട്ടിയൂണിറ്റിൽ 23 കുടുംബങ്ങൾക്കായി 1070000/ രൂപ നൽകി.

## SS 85/19 ഹരിതാഭം പദ്ധതി ലോൺ വിതരണം

നബാർഡിന്റെയും ഇടുക്കി ജില്ലാ സഹകരണ ബാങ്കിന്റെയും സഹായത്തോടുകൂടി സൊസൈറ്റി നടപ്പാക്കുന്ന ഹരിതാഭം പദ്ധതിയുടെ ഭാഗമായി വരുമാന വർദ്ധനവിനായി ജൂലൈ മാസത്തിൽ കരിമ്പൻ യൂണിറ്റിൽ 2,00,000 രൂപ വായ്പ നൽകി.

## SS 86/19 ഈശോയ്ക്ക് ഒരു വീട് പദ്ധതി സമാപനം

ഇടുക്കി രൂപതയിൽപ്പെട്ട ദളിത് കത്തോലിക്കരായ 20 കുടുംബങ്ങൾക്ക് പുതുതായി വീട് നിർമ്മിച്ചു നൽകിയ ‘‘ഈശോയ്ക്ക് ഒരു വീട്’’ പദ്ധതിയുടെ ഔദ്യോഗിക സമാപനം 2019 ജൂൺ 25 ന് രാവിലെ 11 മണിയ്ക്ക് കരിമ്പൻ ബിഷപ്സ് ഹൗസിൽ വച്ച് നടന്നു. ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയും ചെറുപുഷ്പ മിഷൻ ലീഗും സംയുക്തമായി രൂപതയിലെ 20000 ൽ പരം വീടുകളിൽ കളക്ഷൻ ബോക്സ് വച്ച് സമാഹരിച്ച 2456400 രൂപ ഉപയോഗിച്ച് 10 വീടുകൾക്ക് 175000 രൂപ വീതം നൽകി. കെ.സി.ബി.സി.യുടെ നേതൃത്വത്തിൽ സി.എം.ഐ. കാർമ്മൽ പ്രോവിൻസ് 8 വീടിനും വിൻസന്റ് ഡി പോൾ സഖ്യം 2 വീടിനും 175000 രൂപ വീതം നൽകി. ഈ വീടുകളെല്ലാം മറ്റ് ഉദാരമതികളുടെ സംഭാവനകളും അതാത് പ്രദേശത്തെ ജനങ്ങളുടെ ശ്രമദാനവും കൂടിച്ചേർത്താണ് പണി പൂർത്തീകരിച്ചത്. കൂടാതെ 36 വീടുകളുടെ നവീകരണത്തിന് ഭാഗീകമായ സഹായവും നൽകി. ഗുണഭോക്താക്കളുടെ ഒത്തുചേരലിൽ ഇടുക്കി രൂപതാ വികാരി ജനറാൾ മോൺ. ജോസ് പ്ലാച്ചിക്കൽ, ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ, സി.എം.ഐ. കാർമ്മൽ പ്രോവിൻസ് കൗൺസിലർ ഫാ. മാത്യു മഞ്ഞക്കുന്നേൽ,



മിഷൻലീഗ് ഡയറക്ടർ ഫാ. ജയിംസ് മാക്കിയിൽ, സൊസൈറ്റി അസിസ്റ്റന്റ് ഡയറക്ടർ ഫാ. മാത്യു തടത്തിൽ, വിൻസന്റ് ഡി പോൾ പ്രസിഡന്റ് ജോസ് വരകുകാലായിൽ, കോഡിനേറ്റർ എബിൻ കുറുന്താനത്ത്, ജോർജ്ജ് ഉറുമ്പോലിൽ എന്നിവർ സംസാരിച്ചു.

## SS 87/19 നബാർഡ് ഫൗണ്ടേഷൻ ഡേ ആചരണം

നബാർഡിന്റെ സഹായത്തോടെ സൊസൈറ്റി നടപ്പിലാക്കുന്ന പദ്ധതികളുടെ വിലയിരുത്തലും, സ്വയം സഹായ സംഘങ്ങളുടെ ഡിജിറ്റൈസേഷൻ പ്രോഗ്രാമായ ഇ-ശക്തിയുടെ വിലയിരുത്തലും നബാർഡിന്റെ മുപ്പത്തിയെട്ടാമതു ഫൗണ്ടേഷൻ ഡേ ആയജൂലൈ 12-ം തിയതി ഡെൽഹി ഹാബിറ്റാറ്റ് സെന്ററിൽ വച്ച് നടന്നു. സൊസൈറ്റി പ്രോഗ്രാം ഓഫീസർ ശ്രീ. സിബി മാളിയേക്കൽ പരിപാടിയിൽ പങ്കെടുത്തു.

## SS 88/19 സൊസൈറ്റിയ്ക്ക് ജില്ലാതല അംഗീകാരം

കേരള സർക്കാരിന്റെ നേതൃത്വത്തിൽ നടന്ന ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ പരിപാടിയിൽ ഇടുക്കി ജില്ലയിൽ സൊസൈറ്റി നടപ്പിലാക്കിയ പദ്ധതികളുടെ അംഗീകാരമായ മെമെന്റോ ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രി ശ്രീ. കടകമ്പള്ളി സുരേന്ദ്രനിൽ നിന്നും സൊസൈറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. മാത്യു തടത്തിലും,പ്രോഗ്രാം ഓഫീസർ ശ്രീ. സിബി മാളിയേക്കലും ഏറ്റുവാങ്ങി.

## SS 89/19 യൂണിറ്റ് വാർഷികം

### ഉപ്പുതോട്

ഗിരിജ്യോതി ക്രെഡിറ്റ് യൂണിയൻ ഉപ്പുതോട് യൂണിറ്റിന്റെ വാർഷികം 05-06-2019 ബുധനാഴ്ച ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി അസിസ്റ്റന്റ് ഡയറക്ടർ ഫാ. മാത്യു തടത്തിൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് രക്ഷാധികാരി ഫാ. ഫിലിപ്പ് പെരുന്നാട്ട് അദ്ധ്യക്ഷത വഹിച്ച യോഗത്തിന് ക്രെഡിറ്റ് യൂണിയൻ രൂപതാ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ് ആശംസ അർപ്പിച്ച് സംസാരിച്ചു. പ്രോഗ്രാം ഓഫീസർ ശ്രീ. സിബി മാളിയേക്കൽ

സൊസൈറ്റി നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദീകരണം നടത്തി. യൂണിറ്റ് ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി.

**ചുരുളി**

ഗിരിജ്യോതി ക്രെഡിറ്റ് യൂണിയൻ ചുരുളി യൂണിറ്റിന്റെ വാർഷികം 09-06-2019 ബുധനാഴ്ച ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് രക്ഷാധികാരി ഫാ. തോമസ് ആനിക്കുഴിക്കാട്ടിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ അസിസ്റ്റന്റ് വികാരി ഫാ. സെബാസ്റ്റ്യൻ ഇളംപുരയിടത്തിൽ മുഖ്യപ്രഭാഷണം നടത്തി. യൂണിറ്റ് ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി.

**വെൺമണി**

ക്രെഡിറ്റ് യൂണിയൻ വെൺമണി യൂണിറ്റിന്റെ വാർഷികം 23-06-2019 ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി ഡയറക്ടർഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് രക്ഷാധികാരി ഫാ. ലൂക്കാ തച്ചാപറമ്പത്ത് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സൊസൈറ്റി അസിസ്റ്റന്റ് ഡയറക്ടർ ഫാ. മാത്യുതടത്തിൽ മുഖ്യപ്രഭാഷണം നടത്തി. ക്രെഡിറ്റ് യൂണിയൻ രൂപതാ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ് ആശംസ അർപ്പിച്ച് സംസാരിച്ചു. അംഗങ്ങളുടെ വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു. അംഗങ്ങൾ എല്ലാവരും പങ്കെടുത്തു. യൂണിറ്റ് ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി.

**ആന്റോപുരം**

ഗിരിജ്യോതി ക്രെഡിറ്റ് യൂണിയൻ ആന്റോപുരം യൂണിറ്റിന്റെ വാർഷികം 24-06-2019 ബുധനാഴ്ച ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി അസിസ്റ്റന്റ് ഡയറക്ടർ ഫാ. മാത്യു തടത്തിൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് രക്ഷാധികാരി ഫാ. സെബാസ്റ്റ്യൻ എടാട്ടേൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ക്രെഡിറ്റ് യൂണിയൻ രൂപതാ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ് മുഖ്യപ്രഭാഷണം നടത്തി. യൂണിറ്റ് ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി.



**കനകക്കുന്ന്**

ക്രെഡിറ്റ് യൂണിയൻ കനകക്കുന്ന് യൂണിറ്റിന്റെ വാർഷികം 28-06-2019 ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി ഡയറക്ടർഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് രക്ഷാധികാരി ഫാ. മാത്യു വിളക്കുമരുതുങ്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ക്രെഡിറ്റ് യൂണിയൻ രൂപതാ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ് മുഖ്യപ്രഭാഷണം നടത്തി. യൂണിറ്റ് ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി.

**ജോസ്പുരം**

ക്രെഡിറ്റ് യൂണിയൻ ജോസ്പുരം യൂണിറ്റിന്റെ വാർഷികം 03-07-2019 ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി ഡയറക്ടർഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് രക്ഷാധികാരി ഫാ. മാത്യു കുഴികണ്ടത്തിൽഅദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ക്രെഡിറ്റ് യൂണിയൻ രൂപതാ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ് മുഖ്യപ്രഭാഷണം നടത്തി. ഫാം ഫ്രെണ്ട്സ് ഗ്രൂപ്പിന്റെ റിപ്പോർട്ടും കണക്കും യോഗത്തിൽ അവതരിപ്പിച്ചു. അംഗങ്ങളുടെ വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു. യൂണിറ്റ് ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി.

**വെള്ളത്തൂവൽ**

ക്രെഡിറ്റ് യൂണിയൻ വെള്ളത്തൂവൽ യൂണിറ്റിന്റെ വാർഷികം 07-07-2019 ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി ഡയറക്ടർഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് രക്ഷാധികാരി ഫാ. കുര്യാക്കോസ് മറ്റം അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ക്രെഡിറ്റ് യൂണിയൻ രൂപതാ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ് മുഖ്യപ്രഭാഷണം നടത്തി. യൂണിറ്റ് ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി.

**ആൽപ്പാറ**

ഗിരിജ്യോതി ക്രെഡിറ്റ് യൂണിയൻ ആൽപ്പാറ യൂണിറ്റിന്റെ വാർഷികം 07-07-2019 ഞായറാഴ്ച ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ശ്രീ. ബിനീഷ് കോട്ടൂർ

ഉദ്ഘാടനം ചെയ്തു. യൂണിറ്റ് രക്ഷാധികാരി ഫാ. സെബാസ്റ്റ്യൻ കൊച്ചുപുര ക്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ യൂണിറ്റ് അംഗങ്ങളുടെ വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു. സി. ലിയ സെന്റ് ജോൺ ഓഫ് ഗോഡ്, യൂണിറ്റ് ഭാരവാഹികൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**മുരിക്കാശ്ശേരി**

ക്രെഡിറ്റ് യൂണിയൻ മുരിക്കാശ്ശേരി യൂണിറ്റിന്റെ വാർഷികം 13-07-2019 ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി ഡയറക്ടർഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് രക്ഷാധികാരി ഫാ. ജോസ് നരിതൂക്കിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സൊസൈറ്റി അസിസ്റ്റന്റ് ഡയറക്ടർ ഫാ. മാത്യു തടത്തിൽ മുഖ്യപ്രഭാഷണം നടത്തി. ക്രെഡിറ്റ് യൂണിയൻ രൂപതാ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ് ആശംസ അർപ്പിച്ച് സംസാരിച്ചു. അംഗങ്ങളുടെ വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു. അംഗങ്ങൾ എല്ലാവരും പങ്കെടുത്തു. യൂണിറ്റ് ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി.

**കരിമ്പൻ**

ക്രെഡിറ്റ് യൂണിയൻ കരിമ്പൻ യൂണിറ്റിന്റെ വാർഷികം 13-07-2019 ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി ഡയറക്ടർഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് രക്ഷാധികാരി ഫാ. തോമസ് വലിയമംഗലം അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ക്രെഡിറ്റ് യൂണിയൻ രൂപതാ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ് മുഖ്യപ്രഭാഷണം നടത്തി. അംഗങ്ങളുടെ വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു. അംഗങ്ങൾ എല്ലാവരും പങ്കെടുത്തു. യൂണിറ്റ് ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി.

**അടിമാലി**

ക്രെഡിറ്റ് യൂണിയൻ അടിമാലി യൂണിറ്റിന്റെ വാർഷികം 14-07-2019 ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി ഡയറക്ടർഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ ഉദ്ഘാടനം ചെയ്തു.



യൂണിറ്റ് പ്രസിഡന്റ്ശ്രീ. തോമസ് മാടവന അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ രക്ഷാധികാരി ഫാ. ജോസഫ് പാപ്പാടി അനുഗ്രഹ പ്രഭാഷണം നടത്തി. അംഗങ്ങളുടെ വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു. ശ്രീമതി കുഞ്ഞമ്മ തോമസ്, യൂണിറ്റ് ഭാരവാഹികൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**തട്ടേക്കണ്ണി**

ക്രെഡിറ്റ് യൂണിയൻ തട്ടേക്കണ്ണി യൂണിറ്റിന്റെ വാർഷികം 15-07-2019 ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി ഡയറക്ടർഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് രക്ഷാധികാരി ഫാ. കുര്യൻ കമുകുംമറ്റത്തിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിന് ക്രെഡിറ്റ് യൂണിയൻ രൂപതാ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ് ആശംസ അർപ്പിച്ച് സംസാരിച്ചു. അംഗങ്ങൾ എല്ലാവരും പങ്കെടുത്തു. യൂണിറ്റ് ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി.

# തിരുബാലസഖ്യം

## HC 09/19 ആനിമേറ്റേഴ്സ് മീറ്റും പ്രവർത്തനവർഷ ഉദ്ഘാടനവും

ഇടുക്കി രൂപത തിരുബാലസഖ്യത്തിന്റെ 2019-20 പ്രവർത്തന വർഷ ഉദ്ഘാടനവും ആനിമേറ്റേഴ്സ് മീറ്റും ജൂലൈ 20 ന് രാജാക്കാട് ക്രിസ്തുരാജ് പാരീഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ ആനിമേറ്റേഴ്സും ഭാരവാഹികളും ഉൾപ്പെടെ 400 ഓളം പേർ പങ്കെടുത്തു. റവ. ഫാ. ജോബി വാഴയിൽ സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു. തിരുബാലസഖ്യത്തിന്റെ രൂപതാ ഡയറക്ടർ റവ. ഫാ. മനു മേനാംതുണ്ടത്തിൽ ഏവർക്കും സ്വാഗതം ആശംസിച്ചു. സമ്മേളനത്തിൽ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് 2019-20 പ്രവർത്തന വർഷ മാർഗ്ഗരേഖയുടെ പ്രകാശന കർമ്മം നിർവ്വഹിച്ചു.

## HC 10/19 നന്ദി

രാജാക്കാട് വച്ച് നടത്തപ്പെട്ട പ്രവർത്തന വർഷ ഉദ്ഘാടനവും ആനിമേറ്റേഴ്സ് മീറ്റും വിജയകരമായിരുന്നു. സാന്നിദ്ധ്യം കൊണ്ട് ഞങ്ങളെ അനുഗ്രഹിച്ച അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിന് ഹൃദയംഗമമായ നന്ദി അറിയിക്കുന്നു. കൂടാതെ രാജാക്കാട് പാരീഷ് ഹാളിൽ ഇതിനായി വേണ്ട ക്രമീകരണങ്ങൾ ചെയ്ത രാജാക്കാട് ഫൊറോന വികാരി റവ. ഫാ. ജോബി വാഴയിൽ അച്ചനും അസിസ്റ്റന്റ് വികാരിമാരായ സെബാസ്റ്റ്യൻ മനക്കലേട്ട് അച്ചനും ജോസ് മേക്കുന്നേൽ അച്ചനും നന്ദി അറിയിക്കുന്നു. പ്രത്യേകിച്ച്, സമ്മേളനം വിജയകരമാക്കുവാനായി വിദൂരങ്ങളിൽ നിന്നു പോലും എത്തിച്ചേർന്ന ആനിമേറ്റേഴ്സിനും ഭാരവാഹികൾക്കും സമ്മേളനത്തിനു പിന്നിൽ കഠിനാദ്ധ്വാനം ചെയ്ത ഏവർക്കും നന്ദി.

## HC 11/19 മോട്ടിവേഷണൽ ക്ലാസുകൾ

രൂപതയിലെ വിവിധ ഇടവകകളിൽ തിരുബാലസംഖ്യത്തിൽ അംഗമായ കുട്ടികൾക്കായി മോട്ടിവേഷണൽ ക്ലാസുകൾ നടത്തപ്പെടുന്നു. താല്പര്യമുള്ള ഇടവകകൾ വിശദവിവരങ്ങൾക്കായി താഴെ കാണുന്ന ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

ഫാ. മനു മേനാംതുണ്ടത്തിൽ - ഫോൺ : 9846862253
ബ്രദർ ലിബിൻ വള്ളിയാംതടത്തിൽ - ഫോൺ : 8281415740

# കെ.സി.എസ്.എൽ.

## KCSL 23/19 ആനിമേറ്റേഴ്സ് സംഗമം, അദ്ധ്യാപക - വിദ്യാർത്ഥി പ്രതിനിധികളുടെ തിരഞ്ഞെടുപ്പ്

ഇടുക്കി രൂപതയിലെ KCSL ആനിമേറ്റേഴ്സിന്റെയും വിദ്യാർത്ഥി ഭാരവാഹികളുടെയും സംഗമം മുരിക്കാശ്ശേരി ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് ജൂൺ 29-ാം തിയതി നടന്നു. രൂപതാ പ്രസിഡന്റ് ശ്രീ. മനോജ് ചാക്കോയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം രൂപതാ വിദ്യാഭ്യാസ സെക്രട്ടറി റവ. ഫാ. ജോർജ് തകിടിയേൽ ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ റവ. ഫാ. മാത്യു ഞവരക്കാട്ട് സ്വാഗതം ആശംസിച്ചു. സമ്മേളനാന്തരം അദ്ധ്യാപക വിദ്യാർത്ഥി പ്രതിനിധികളെ തിരഞ്ഞെടുത്തു.

## KCSL 24/19 ആശംസകൾ

KCSL സമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവരുടെ പേരുകൾ ചുവടെ ചേർക്കുന്നുണ്ട്.

| | |
|---|---|
| പ്രസിഡന്റ് | - ശ്രീ. സിബിച്ചൻ, VHS വിമലഗിരി |
| വൈസ് പ്രസിഡന്റ് | - ശ്രീമതി കൊച്ചുറാണി ജോസഫ്, STHSS ഇരട്ടയാർ |
| ഓർഗനൈസർ | - ശ്രീ. ബെന്നി വി.വി., SXHSS ചെമ്മണ്ണാർ |
| ട്രഷറർ | - സി. ലിസ്ബെറ്റ് FCC, SMHSS മുരിക്കാശ്ശേരി |
| ചെയർമാൻ | - ഷോൺ ഷാജി, വിജയമാതാ പബ്ലിക് സ്കൂൾ തൂക്കുപാലം |
| ജനറൽ സെക്രട്ടറി | - ഡയാന സജി, SMHSS മുരിക്കാശ്ശേരി |

പുതുതായി നേതൃത്വനിരയിലേക്ക് കടന്നു വന്ന രൂപതാ ഭാരവാഹികൾ, എക്സിക്യൂട്ടിവ് അംഗങ്ങൾ, റീജണൽ കോ-ഓർഡിനേറ്റേഴ്സ്, വിദ്യാർത്ഥി പ്രതിനിധികൾ എന്നിവർക്ക് പ്രാർത്ഥനാനിർഭരമായ ആശംസകളും അഭിനന്ദനങ്ങളും നേരുന്നു.

## KCSL 25/19 നന്ദിയോടെ

ഇടുക്കി രൂപതയിലെ KCSL നെ സ്തുത്യർഹമായ വിധത്തിൽ നയിക്കുകയും മൂന്നു വർഷക്കാലവും കേരളത്തിലെ മികച്ച രൂപതയായി നിലനിറുത്തുകയും ചെയ്ത പ്രസിഡന്റ് ശ്രീ. മനോജ് ചാക്കോ, രൂപതാ ഭാരവാഹികൾ, വിദ്യാർത്ഥി പ്രതിനിധികൾ എന്നിവർക്ക് KCSL കുടുംബത്തിന്റെ അകൈതവമായ നന്ദി.

## KCSL 26/19 പഠനപുസ്തകങ്ങൾ

സ്റ്റഡി സർക്കിൾ ഗ്രന്ഥമായ 'വിശുദ്ധി വിരിയുന്ന കൗമാരം',

ഉപപാഠപുസ്തകമായ 'വി. റോമേരോ' എന്നിവ രൂപതാ ഓഫീസിൽ ലഭ്യമാണ്.

**KCSL 27/19 സംസ്ഥാന ലീഡേഴ്സ് ക്യാമ്പ്**

ആലപ്പുഴയിൽ വച്ചു നടന്ന സംസ്ഥാന ലീഡേഴ്സ് ക്യാമ്പിൽ രൂപതയിൽ നിന്നും 8 വിദ്യാർത്ഥികൾ പങ്കെടുത്തു.

**KCSL 28/19 അംഗത്വ സ്വീകരണം**

രൂപതാതല അംഗത്വ സ്വീകരണം മാങ്കടവ് കാർമ്മൽ മാതാ ഹൈസ്കൂളിൽ വച്ച് ജൂലൈ 26 ന് രൂപതാ ഡയറക്ടർ റവ. ഫാ. മാത്യു ഞവരക്കാട്ടിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ശാഖകളിൽ ആഗസ്റ്റ് 15-നുള്ളിൽ അംഗത്വ സ്വീകരണം പൂർത്തിയാക്കി അംഗത്വ ലിസ്റ്റിന്റെ 2 കോപ്പിയും അംഗത്വ ഫീസും രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**KCSL 29/19 രൂപതാതല പ്രവർത്തനോദ്ഘാടനം**

സഖ്യത്തിന്റെ 2019-20 വർഷത്തിലെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ചെമ്മണ്ണാർ സെന്റ് സേവ്യേഴ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് നടത്തപ്പെട്ടു. KCSL സംസ്ഥാന ഡയറക്ടർ റവ. ഫാ. കുര്യൻ തടത്തിൽ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. രൂപതയിൽ ആരംഭിക്കുന്ന ഭവന നിർമ്മാണ പദ്ധതിയുടെയും ചികിത്സാ നിധിയുടെയും ഉദ്ഘാടനം കൂടി തദവസരത്തിൽ നടത്തപ്പെട്ടു.

## ജീസസ് യൂത്ത് ഇടുക്കി സോൺ

**JY 15/19 CHORUS**

ജീസസ് യൂത്ത് കേരളാ മ്യൂസിക് ടീമിന്റെ നേതൃത്വത്തിൽ CHORUS പ്രോഗ്രാം തേവര സേക്രട്ട് ഹാർട്ട് കോളേജിൽ വച്ച് നടത്തപ്പെട്ടു.



**JY 16/19 FYTP**

ജീസസ് യൂത്ത് കേരളാ ക്യാമ്പസ് ടീമിന്റെ നേതൃത്വത്തിൽ പത്തു ദിവസം നീണ്ടു നില്ക്കുന്ന FYTP (Final Years Training Programme) നടത്തപ്പെട്ടു. പണിക്കൻകുടി ഇടവകയിൽ നിന്നുള്ള ജിതിൻ ഫ്രാൻസിസ് പങ്കെടുത്തു.

**JY 17/19**

ജീസസ് യൂത്ത് ഇടുക്കി സോണൽ ടീം അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിനെ (Ecclesiastical Advicer to Jesus Youth International) സന്ദർശിച്ചു. ഇടുക്കി രൂപതാ വൈദികർക്കായുള്ള ധ്യാനത്തിനിടയിൽ അടിമാലി സെന്റ് ജൂഡ് ടൗൺ പള്ളിയിൽവച്ചാണ് ടീമിന് ഈ അവസരം ലഭിച്ചത്.

**JY 18/19 ക്യാമ്പസ് സബ് റീജിയണൽ ഫുൾടൈമർ**

ജീസസ് യൂത്ത് ക്യാമ്പസ് ടീമിന്റെ ഈസ്റ്റേൺ സബ് റീജിയണൽ ഫുൾടൈമറായി ആലപ്പുഴ സോൺ, ചെങ്ങന്നൂർ സ്വദേശി ബിമൽ എം. കോശി കമ്മിറ്റ്മെന്റ് എടുത്തു. ഇടുക്കി, കോതമംഗലം, കട്ടപ്പന സോണുകളിലെ ക്യാമ്പസുകൾക്കായിട്ടാണ് ബിമൽ കമ്മിറ്റ്മെന്റ് എടുത്തിരിക്കുന്നത്. ബിമലിന് ജീസസ് യൂത്ത് ഇടുക്കി സോണിലേക്ക് സ്വാഗതം.

**JY 19/19 ഹൗസ് ഹോൾഡ്**

ജീസസ് യൂത്ത് ഇടുക്കി സോണൽ ഹൗസ് ഹോൾഡുകൾ ജൂലൈ 7-ാം തീയതി മുരിക്കാശ്ശേരി പാവനാത്മാ കോളേജ് ചാപ്പലിലും, അടിമാലി കാർമ്മൽഗിരി കോളേജിലുമായി നടത്തപ്പെട്ടു. തുടർന്ന് ''നീതി പ്രവർത്തിക്കുക; കരുണ കാണിക്കുക; നിന്റെ ദൈവത്തിന്റെ സന്നിധിയിൽ വിനീതനായി ചരിക്കുക'' (മിക്കാ 6:8) വചനത്തെപ്പറ്റി ധ്യാനിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. അടുത്ത ഹൗസ് ഹോൾഡ് കൂട്ടായ്മ ആഗസ്റ്റ് 4-ാം തിയതി കൂടുവാൻ തീരുമാനിച്ചു.

**JY 20/19 ലീഡേഴ്സ് ട്രേയ്നിങ്ങ് പ്രോഗ്രാം**

ആഗസ്റ്റ് 9, 10, 11 തിയതികളിൽ കേരളാ പാരീഷ് ടീമിന്റെ നേതൃത്വത്തിൽ ''പരോക്കിയാ'' എന്ന പാരീഷ് ലീഡേഴ്സ് ട്രേയ്നിങ്ങ് പ്രോഗ്രാം കറുകുറ്റി അസ്സീസി ശാന്തി കേന്ദ്രത്തിൽ വച്ച് നടത്തപ്പെടുന്നു.

**JY 21/19 മദ്ധ്യസ്ഥ പ്രാർത്ഥന**

ആഗസ്റ്റ് 15-ാം തിയതി ജീസസ് യൂത്ത് ഇടുക്കി സോണൽ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തപ്പെടുന്നു. വൈകിട്ട് 6 മുതൽ 12 വരെയാണ് മദ്ധ്യസ്ഥ പ്രാർത്ഥന.

# ചെറുപുഷ്പ മിഷൻലീഗ്

**CML 21/19 നേതൃത്വ പരിശീലന ക്യാമ്പ്**

ചെറുപുഷ്പ മിഷൻലീഗ് രൂപത സമിതിയുടെ ആഭിമുഖ്യത്തിൽ 20-7-2019 ശനിയാഴ്ച ശാഖാ, മേഖലാ മോഡറേറ്റേഴ്സിനായി ഏകദിന പഠന ക്ലാസും, ശാഖാ, മേഖലാ മോഡറേറ്റേഴ്സ് മീറ്റും നടത്തി. രൂപത പ്രസിഡന്റ് കിരൺ അഗസ്റ്റ്യൻ അദ്ധ്യക്ഷത വഹിച്ച യോഗം പാറത്തോട് മുരിക്കാശ്ശേരി മേഖല ഡയറക്ടർ റവ. ഫാ. ജോസ് നരിതൂക്കിൽ ഉദ്ഘാടനം ചെയ്തു. ദേശീയ പ്രസിഡന്റ് ബിനോയി പള്ളിപറമ്പിൽ, സെക്രട്ടറി സുജി പുല്ലുകാട്ട് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

**CML 22/19 രൂപത മാർഗ്ഗരേഖാ പ്രകാശനം**

ചെറുപുഷ്പ മിഷൻലീഗ് 2019-20 പ്രവർത്തന വർഷത്തെ പ്രവർത്തന മാർഗ്ഗരേഖ ദേശീയ പ്രസിഡന്റ് ബിനോയി പള്ളിപറമ്പിൽ, സെക്രട്ടറി സുജി പുല്ലുകാട്ട് എന്നിവർ ചേർന്ന് രൂപത ഡയറക്ടർ റവ. ഫാ. ജെയിംസ് മാക്കിയിൽ, പാറത്തോട് മുരിക്കാശ്ശേരി മേഖല ഡയറക്ടർ റവ. ഫാ. ജോസ് നരിതൂക്കിൽ എന്നിവർക്ക് നൽകി പ്രകാശനം ചെയ്തു. തുടർന്ന് രൂപത പ്രസിഡന്റ് കിരൺ അഗസ്റ്റ്യൻ മാർഗ്ഗരേഖ അവതരിപ്പിച്ചു.



**CML 23/19 രൂപത സാഹിത്യമത്സരങ്ങൾ ആഗസ്റ്റ് 10 ശനി**

**സാഹിത്യ മത്സര വേദികൾ**

| | | |
|---|---|---|
| മുരിക്കാശ്ശേരി | : | സെന്റ് മേരീസ് എച്ച്.എസ്.എസ്. |
| വാഴത്തോപ്പ് | : | സെന്റ് ജോർജ് എച്ച്.എസ്.എസ്. |
| വെള്ളയാംകുടി | : | സെന്റ് ജെറോംസ് എച്ച്.എസ്.എസ്. |
| നെടുങ്കണ്ടം | : | സെന്റ് സെബാസ്റ്റ്യൻ എച്ച്.എസ്.എസ്. |
| കൂമ്പൻപാറ | : | ഫാത്തിമ മാതാ എച്ച്.എസ്.എസ്. |
| രാജാക്കാട് | : | ക്രിസ്തുരാജ് പാരീഷ്ഹാൾ |

**സാഹിത്യ മത്സര ഇനങ്ങൾ**

| | | |
|---|---|---|
| 1. ഉപന്യാസം | : | 1 മണിക്കൂർ 30 മിനിറ്റ് |
| 2. ചെറുകഥ | : | 1 മണിക്കൂർ 30 മിനിറ്റ് |
| 3. കവിത | : | 1 മണിക്കൂർ 30 മിനിറ്റ് |
| 4. ചിത്രരചന | : | 1 മണിക്കൂർ 30 മിനിറ്റ് |
| 5. കൈയ്യെഴുത്തു മാസിക | : | 3 മണിക്കൂർ (രൂപതാതലത്തിൽ മാത്രം) |

❖ സാഹിത്യ മത്സരങ്ങളിൽ ഒരു ശാഖയിൽ നിന്ന് ഓരോ വിഭാഗത്തിലും, ഒരോ ഇനത്തിലും 2 ആൺകുട്ടികൾക്കും2 പെൺകുട്ടികൾക്കും മത്സരിക്കാവുന്നതാണ്.

❖ **കൈയ്യെഴുത്തു മാഗസിൻ (On the Spot)**

1. 10 അംഗങ്ങൾ (Maximum)
2. സമയം 9.30 മുതൽ 12.30
3. A4 size paper (ശാഖയിൽ നിന്ന് കൊണ്ടുവരണം)
4. ഉൾപ്പെടുത്താവുന്ന വിഷയങ്ങൾ: 1) ചിത്രങ്ങൾ, കഥകൾ, കവിത, ലളിതഗാനം, ലേഖനം, കാർട്ടൂൺ, ബൈബിൾ വാക്യങ്ങൾ, വിശുദ്ധന്റെ ചരിത്രം, തമാശ, നാടൻപാട്ട്, വികാരിയച്ചന്റെ ആശംസ.
5. പ്രേഷിതപ്രവർത്തനവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ഉൾപ്പെടുത്തേണ്ടത്.

6. Maximum 50 പേപ്പർ.

7. പേപ്പറിന്റെ ഒരു സൈഡ് മാത്രമേ ഉപയോഗിക്കാവു.

**കലാസാഹിത്യ മത്സരങ്ങൾ 2019**

**സബ് ജൂണിയർ** : ചിത്രരചന (ജലച്ഛായം)
**ജൂണിയർ** : ചെറുകഥ, കവിത, ഉപന്യാസം
**സീനിയർ** : ചെറുകഥ, കവിത, ഉപന്യാസം
**സൂപ്പർ സീനിയർ** : ചെറുകഥ, കവിത, ഉപന്യാസം

**ഉപന്യാസം, കഥ, കവിത, ചിത്രരചന (പെൻസിൽ)**

**സബ് ജൂണിയർ** (ജലച്ഛായം) : വി. മത്തായി 21-ാംഅദ്ധ്യായം
**ജൂണിയർ** : വി. മത്തായി 22-ാംഅദ്ധ്യായം
**സീനിയർ** : വി. മത്തായി 23-ാംഅദ്ധ്യായം
**സൂപ്പർ സീനിയർ** : വി. മത്തായി 24-ാംഅദ്ധ്യായം

(രചനാമത്സരങ്ങളിൽ ഭാഷാശൈലി, പ്രയോഗങ്ങൾ, വർണ്ണന, ആശയം, സന്ദേശം, കാലികപ്രസക്തി എന്നിവയ്ക്കാണ് പ്രാധാന്യം).

**പ്രായപരിധി**

**സബ് ജൂണിയർ** : 2007 ജനുവരി 1 - നോ ശേഷമോ ജനിച്ചവർ
**ജൂണിയർ** : 2004 ജനുവരി 1 - 2006 ഡിസംബർ 31
**സീനിയർ** : 2000 ജനുവരി 1 - 2003 ഡിസംബർ 31
**സൂപ്പർ സീനിയർ** : 2000 ജനുവരി 1 - ന് മുമ്പ് ജനിച്ചവർ

# കെ.സി.വൈ.എം.

## KCYM 19/19 യുവജനദിനാഘോഷം

കെ.സി.വൈ.എം. സംസ്ഥാനതല യുവജനദിന ആഘോഷം 2019 ജൂലൈ 13 ന് വെള്ളയാംകുടി സെന്റ് ജോർജ് പാരീഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ



പിതാവിന്റെ സാന്നിധ്യം ആഘോഷത്തിന് മാറ്റ്കൂട്ടി. വിവിധ ഇടവകകളിൽ നിന്നായി 2000 ത്തോളം യുവജനങ്ങൾ ആഘോഷ ത്തിൽ പങ്കുച്ചേർന്നു.

## KCYM 20/19 നന്ദി

വെള്ളയാംകുടിയിൽ വച്ച് നടന്ന യുവജനദിന ആഘോഷം വിജയകരമായിരുന്നു. തന്റെ സാന്നിദ്ധ്യം കൊണ്ട് ആഘോഷത്തെ അനശ്വരമാക്കിയ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിനും ആഘോഷത്തിന് വേണ്ട ക്രമീകരണങ്ങൾ ചെയ്ത റവ. ഫാ. ജെയിംസ് മംഗലശ്ശേരി അച്ചനും വിദൂരങ്ങളിൽ നിന്നു പോലും ആഘോഷത്തിനായി അണിനിരന്ന യുവജന സുഹൃത്തുക്കൾക്കും അവർക്ക് ആദ്ധ്യാത്മീകമായും ഭൗതീകമായും പ്രോത്സാഹനവും പിന്തുണയും നൽകിയ വികാരി അച്ചൻമാർക്കും കൊച്ചച്ചൻ മാർക്കും ഹൃദ്യമായ നന്ദി അറിയിക്കുന്നു. പ്രത്യേകിച്ച് കെ.സി.വൈ.എം.ന്റെ സംസ്ഥാന സമിതിയ്ക്കും യുവജനദിന ആഘോഷത്തിന് പിന്നിൽ കഠിനാദ്ധ്വാനം ചെയ്ത രൂപതാ ഭാരവാഹികൾക്കും സ്നേഹം നിറഞ്ഞ നന്ദി....

# മാതൃവേദി

## MV 16/19 ബൈബിൾ കൈയ്യെഴുത്ത് മത്സരം 2019

* മത്സരഭാഗം വെളിപാടിന്റെ പുസ്തകവും സങ്കീർത്തനവും.
* കൈയ്യെഴുത്ത്പ്രതികൾ സമർപ്പിക്കേണ്ട അവസാന തിയതി നവംബർ 30.
* ഓരോ ഇടവകയിൽ നിന്നും അതാത് മേഖലകളിൽ നവംബർ 30 ന് മുമ്പായി എത്തിക്കേണ്ടതാണ്.
* രജിസ്ട്രേഷൻ ഫീസ് 200/- രൂപ
* രജിസ്ട്രേഷൻ നമ്പറുകൾ 2019 സെപ്റ്റംബർ 10 ന് മുമ്പായി നൽകപ്പെടുന്ന ഇ-മെയിൽ അഡ്രസ്സിൽ അയച്ചു തരുന്നതാണ്.

* രജിസ്റ്റർ നമ്പരുകൾ തിരിച്ചറിയാൻ തക്കവിധം കൈയ്യെഴുത്തുപ്ര തിയുടെ പുറംചട്ടയുടെ പിൻഭാഗത്ത് ഒട്ടിക്കേണ്ടതാണ്.
* മത്സരം 2 വിഭാഗങ്ങളിലായിട്ടാണ് നടത്തപ്പെടുക.
    1. എ വിഭാഗം 40 വയസ്സിന് മുകളിൽ ഉള്ളവർ
    2. ബി വിഭാഗം 40 വയസ്സിന് താഴെയുള്ളവർ
* പേപ്പർ ഏത് തരത്തിലുള്ളതും ഉപയോഗിക്കാം.
* ബൈബിളിലെ പോലെ ഒരു പേപ്പർ 2 ഭാഗമായി തിരിച്ച് എഴുതേണ്ടതില്ല.
* ഫുട്ട്നോട്ട് എഴുതേണ്ടതില്ല.
* ബാക്കി മുഴുവനും പി.ഒ.സി. ബൈബിളിലെ പോലെ തന്നെയായിരിക്കണം.

**മാനദണ്ഡങ്ങൾ**

1. വൃത്തി, കൃത്യത, തെറ്റില്ലായ്മ.
2. കൈയ്യക്ഷരം മാനദണ്ഡമല്ല.
3. എഴുതുമ്പോൾ പഴയലിപിയും ഉപയോഗിക്കാം.
4. അലങ്കാര വർക്കുകൾ ഒരു മാനദണ്ഡമല്ല.
5. കൈയ്യെഴുത്ത് പ്രതികൾ വീടുകളിൽ സൂക്ഷിച്ചു വയ്ക്കുന്നതിനായി തിരികെ നൽകുന്നതാണ്.

**ലേഖനങ്ങൾ**

* മത്സരഭാഗം അപ്പസ്തോലപ്രവർത്തനങ്ങൾ മുതൽ യൂദാശ്ലീഹായുടെ ലേഖനം വരെ.
* മുകളിൽ പറഞ്ഞിരിക്കുന്ന മുഴുവൻ നിബന്ധനകളും ബാധകമാണ്.
* കഴിഞ്ഞ വർഷം എഴുതി പൂർത്തിയാക്കാത്തവർക്കും പുതുതായി എഴുതാൻ ആഗ്രഹിക്കുന്നവർക്കും വേണ്ടിയാണ് ഈ മത്സരം.
* 2 വിഭാഗങ്ങളിലായിട്ടായിരിക്കും മത്സരം.
* രജിസ്ട്രേഷൻ ഫീസ് 200/- രൂപ





* കഴിഞ്ഞ വർഷം രജിസ്റ്റർ ചെയ്തവരും പുതുതായി രജിസ്റ്റർ ചെയ്യേണ്ടതാണ്.

**ലേഖനങ്ങൾ കൈയ്യെഴുത്ത്**

* നിരവധി പിതാക്കൻമാരുടെ അഭ്യർത്ഥനയെ മാനിച്ചാണ് പിതാക്കൻമാർക്കായി ഈ മത്സരം നടത്തുന്നത്.
* യുവതി യുവാക്കന്മാർക്കും, കുട്ടികൾക്കും ഇതിൽ പങ്കെടുക്കാം.
* മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ മാനദണ്ഡങ്ങളും ലേഖന മത്സരത്തിലും ബാധകമാണ്.

**ക്യാറ്റഗറി**

A. പിതാക്കന്മാർ.

B. യുവതി, യുവാക്കൾ, കുട്ടികൾ.

**സമ്മാനങ്ങൾ**

* ഓരോ വിഭാഗത്തിലും വിജയികളായി പ്രഖ്യാപിക്കുന്നത് മൂന്നുപേർ വീതമായിരിക്കും.
* വിജയികൾക്ക് മൈലാപ്പൂർ തീർത്ഥാടനം
* പങ്കെടുക്കുന്ന ഏവർക്കും സമ്മാനങ്ങൾ നൽകുന്നതാണ്.

## MV 17/19 ബൈബിൾ കൈയ്യെഴുത്ത് രജിസ്ട്രേഷൻ

ബൈബിൾ കൈയെഴുത്തു മത്സരത്തിൽ പങ്കെടുക്കുവനായി ഇനിയും രജിസ്റ്റർ ചെയ്യാത്ത ഇടവകകൾ എത്രയും വേഗം രജിസ്ട്രേഷൻ നടത്തേണ്ടതാണ്.

## MV 18/19 ബൈബിൾ കൈയ്യെഴുത്ത് മത്സരം

**അമ്മമാർ**

ആദ്യമായി ബൈബിൾ എഴുതുന്ന അമ്മമാർ സുവിശേഷവും, സുവിശേഷം എഴുതി പൂർത്തിയാക്കിയ അമ്മമാർ അപ്പസ്തോലപ്രവർത്തനം മുതൽ യൂദാശ്ലീഹായുടെ ലേഖനം വരെയും, ഇവ രണ്ടും എഴുതിയ അമ്മമാർ സങ്കീർത്തനവും വെളിപാടുമാണ് എഴുതേണ്ടത്.

അമ്മമാരിൽ കഴിഞ്ഞ വർഷം സുവിശേഷം എഴുതി ലേഖനം എഴുതിയിട്ടില്ല എങ്കിൽ ഈ വർഷം അപ്പസ്തോലപ്രവർത്തനം മുതൽ യൂദാശ്ലീഹായുടെ ലേഖനം വരെയുമാണ് എഴുതേണ്ടത്. കഴിഞ്ഞ വർഷം ലേഖനം (അപ്പസ്തോലപ്രവർത്തനം മുതൽ യൂദാശ്ലീഹായുടെ ലേഖനം വരെ) എഴുതിയ അമ്മമാർ ഈ വർഷം സങ്കീർത്തനവും വെളിപാടുമാണ് എഴുതേണ്ടത്.

**പിതാക്കന്മാരും യുവജനങ്ങളും**

കഴിഞ്ഞ വർഷം സുവിശേഷം എഴുതി പൂർത്തിയാക്കിയ യുവജനങ്ങളുടെയും പിതാക്കന്മാരുടെയും വിഭാഗത്തിൽപ്പെട്ടവർ അപ്പസ്തോലപ്രവർത്തനം മുതൽ യൂദാശ്ലീഹായുടെ ലേഖനം വരെയും പുതുതായി എഴുതുന്ന യുവജനങ്ങളും പിതാക്കന്മാരും സുവിശേഷ വുമാണ് എഴുതേണ്ടത്.

# ആത്മജ്യോതിയിലെ പരിപാടികൾ

**ആഗസ്റ്റ് 2019**

09 – 11 : വിവാഹ ഒരുക്ക സെമിനാർ

10 – 11 : തിയോളജി കോഴ്സ്

17 : പാസ്റ്ററൽ കൗൺസിൽ

23 – 25 : വിവാഹ ഒരുക്ക സെമിനാർ

# അറിയിപ്പുകൾ

**സ്നേഹസദൻ ധ്യാനകേന്ദ്രം എല്ലക്കൽ**

ആഗസ്റ്റ് 14 – 18 : ലഹരി വിമോചന ക്യാമ്പ്

ആഗസ്റ്റ് 18 – 23 : കുടുംബ വിശുദ്ധീകരണ ധ്യാനം



# രൂപതാദ്ധ്യക്ഷന്റെ ഡയറി

**ജൂലൈ 2019**

07–12 അടിമാലി ആത്മജ്യോതിയിൽ വച്ച് നടന്ന വൈദികരുടെ വാർഷിക ധ്യാനത്തിൽ പങ്കെടുത്തു.

12 സ്ലീവാമല ഇടവകയിൽ കിഴക്കേൽ കുടുംബയോഗത്തിൽ പങ്കെടുത്തു.

13 വെള്ളയാംകുടി സെന്റ് ജോർജ് ഇടവകയിൽ വച്ച് നടന്ന സംസ്ഥാനതല യുവജനദിനാഘോഷത്തിൽ പങ്കെടുത്തു.

14 മച്ചിപ്ലാവ് സെന്റ് ഫ്രാൻസീസ് അസ്സീസി ഇടവകാംഗങ്ങൾ നിർമ്മിച്ചു നൽകിയ അസ്സീസി ഭവനത്തിന്റെ വെഞ്ചരിപ്പും താക്കോൽ ദാനവും നടത്തി.

* മുക്കുടം സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ പുതുതായി നിർമ്മിച്ച സ്കൂൾ കെട്ടിടം വെഞ്ചരിച്ചു.

16 തോപ്രാംകുടി അസ്സീസി ആശ്രമത്തിൽ നിത്യവ്രതവാഗ്ദാന തിരുക്കർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു.

18 രാജകുമാരി ഇടവക ദൈവാലയത്തിൽ ജോർദ്ദാനിയ – പൊതു മാമ്മോദീസാ പരികർമ്മം ചെയ്തു.

20 CMC പ്രൊവിൻഷ്യൽ ഡേ യോടനുബന്ധിച്ച് അടിമാലി CMC പ്രൊവിൻഷ്യൽ ഹൗസിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

*	രാജാക്കാട് ക്രിസ്തുരാജ് ഇടവകയിൽ വച്ച് നടന്ന തിരുബാല സഖ്യം ആനിമേറ്റേഴ്സ് മീറ്റിൽ പങ്കെടുത്ത് പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു.

*	ചിന്നാർ നിരപ്പ് സെന്റ് തോമസ് ഇടവകയിൽ പുതുതായി നിർമ്മിച്ച ഹോളി ഫാമിലി മഠം വെഞ്ചരിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

*	പൊട്ടൻകാട് സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ പ്രളയ ബാധിതർക്കായി നിർമ്മിച്ച് നൽകിയ വീട് വെഞ്ചരിച്ചു.

21	CSI ബിഷപ്പായി തിരഞ്ഞെടുക്കപ്പെട്ട ബിഷപ്പ് V.S. ഫ്രാൻസീസ് വരിക്കാനിക്കലിന് ചേലച്ചുവട് ടൗണിൽ നൽകിയ പൗരസ്വീകരണത്തിൽ പങ്കെടുത്തു.



# BISHOP'S ENGAGEMENTS

**ആഗസ്റ്റ് 2019**

| | | |
|---|---|---|
| 01 | 02.30 pm | ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി വാർഷികം |
| 03 | 03.30 pm | ജോർദ്ദാനിയ പൊതുമാമ്മോദീസ, പൊട്ടൻകാട് |
| 04 | | ഇടവക സന്ദർശനം, മുരിക്കുംതൊട്ടി |
| 05-09 | | കെ.സി.ബി.സി. ധ്യാനം |
| 10 | 11.00 am | വി. കുർബാന, ക്ലരിഷ്യൻ ഭവൻ, വെൺമണി |
| 11 | | ഇടവക സന്ദർശനം, ചെമ്മണ്ണാർ |
| 13 | | പ്രസ്ബിറ്ററൽ കൗൺസിൽ |
| 15 | 06.30 am | വി. കുർബാന, മൈനർ സെമിനാരി |
| | 03.30 pm | വിമലഗിരി |
| | 05.30 pm | സ്നേഹഗിരി പാരീഷ്ഹാൾ വെഞ്ചരിപ്പ് |
| 16 | 03.30 pm | ജോർദ്ദാനിയ പൊതുമാമ്മോദീസ, രാജമുടി |
| 17 | | പാസ്റ്ററൽ കൗൺസിൽ, അടിമാലി |
| 18 | | ഇടവക സന്ദർശനം, ഇരുമ്പുപാലം |
| 19-24 | | സിനഡ് |
| 25 | 12.00 pm | വിവാഹം, കാൽവരിമൗണ്ട് |
| 26-30 | | സിനഡ് |